വരുന്നവർക്കടക്കം സംരക്ഷണം കൊടുക്കുന്ന സമഗ്രമായ ക്ഷേമപദ്ധതികളാണ് നമ്മൾ ഇവിടെ ചർച്ച ചെയ്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആ അർത്ഥത്തിൽ ഈ സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്ന ഈ ക്ഷേമപദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ കൂട്ടായ പരിശ്രമത്തിലൂടെ നമുക്ക് കഴിയുമെന്ന ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് ഇത് പാസ്സാക്കുന്നതിന് സഹകരിച്ച എല്ലാവർക്കും, നിയമസഭാ സെക്രട്ടേറിയറ്റിനും നിയമ വകുപ്പിനും ഒക്കെ നന്ദി പറഞ്ഞുകൊണ്ട് ഇത് പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ-2010 പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു. ബിൽ ഐകകണ്ഠ്യേന പാസ്സായി.

ബഹുമാനപ്പെട്ട നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി അങ്ങേക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

(iii) 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

മി. സ്പീക്കർ: നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രിക്ക് 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വിജയകുമാർ: സർ, ഇതിൽ സംസാരിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. കേരളത്തിൽ അഭിഭാഷകർക്ക് ക്ഷേമനിധി എന്ന നിലയിൽ ഒരു നിയമം 1980-ലാണ് നിലവിൽ വന്നത്. ആ നിയമത്തിൽ കൊണ്ടുവന്ന ഒരു ഭേദഗതിയാണിത്. നിലവിലുള്ള 3 ലക്ഷം രൂപയുടെ ക്ഷേമനിധി 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇത് കൊണ്ടുവന്നത്. ഈ സർക്കാർ മൂന്ന് വർഷത്തിനുമുമ്പ് കൊണ്ടുവന്ന ഒരു ഓർഡിനൻസാണിത്. ആ സന്ദർഭങ്ങളിലൊന്നും ഇത് പാസ്സാക്കി നിയമമാക്കാൻ സാധിക്കാതെ നിരവധി തവണ റീ-പ്രൊമുൽഗേറ്റ് ചെയ്തു.

മി. സ്പീക്കർ: 12 പ്രാവശ്യം റീ-പ്രൊമുൽഗേറ്റ് ചെയ്തു.

ശ്രീ. എം. വിജയകുമാർ: അതേ. ഞാനത് പറയാത്തതാണ്. എന്തുകൊണ്ടെന്ന് ചോദിച്ചാൽ, കൊണ്ടുവന്ന നിയമത്തിൽ ഒരുപാട് പരിമിതികളുണ്ട്. ഫണ്ട് അല്ലെങ്കിൽ ഇതിന്റെ ആനുകൂല്യങ്ങൾ കൈകാര്യം ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

ട്രസ്റ്റി കമ്മിറ്റി അല്ലെങ്കിൽ കേരള ബാർ കൗൺസിൽ അവരാണ് സ്റ്റാറ്റ്യൂട്ടറിയായും നിയമപരമായും അധികാരപ്പെട്ട സ്ഥാപനങ്ങൾ. അവർ കൊണ്ടുവന്ന നിർദ്ദേശങ്ങൾ ഒരു മാറ്റവും വരുത്താതെ അതേപടി അംഗീകരിച്ചുകൊണ്ടുള്ള ഒരു ഓർഡിനൻസ് കൊണ്ടുവന്നു. പക്ഷേ കൊണ്ടുവന്നതിനുശേഷമാണ് അത് വേണ്ടിയില്ല, നടപ്പാക്കാൻ ബുദ്ധിമുട്ടാണ് എന്നറിയുന്നത്. എല്ലാവർക്കുമറിയാം, അഭിഭാഷകരായിട്ടുള്ള വളരെ പ്രധാനപ്പെട്ട പ്രഗത്ഭർ ഈ സഭയിൽ ഉള്ളതുകൊണ്ട് ഞാൻ വിശദീകരിക്കേണ്ടതായിട്ടില്ല. അതിന്റെ ഭാഗമായാണ് ഇത് നടപ്പാക്കാൻ സാധിക്കാത്ത ഒരു പ്രത്യേക സാഹചര്യം സംജാതമായത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ ജനപ്രതിനിധികളുടേതായ പ്രവർത്തനത്തിന്റെ പ്രത്യേകത കൊണ്ടും അതിന്റെ മൂപം കൊണ്ടും അഭിഭാഷക വൃത്തിയിൽ ജനപ്രതിനിധികൾക്ക് പൂർണ്ണസമയം ഉൾക്കൊള്ളാൻ പറ്റില്ല. പക്ഷേ ഈ ക്ഷേമനിധിക്കകത്ത് വരണമെങ്കിൽ മറ്റ് ചില നിബന്ധനകൾ കൂടി വച്ചിട്ടുണ്ട്. അങ്ങേയ്ക്ക് അതറിയാമെന്ന് ഞാൻ വിശ്വസിക്കുകയാണ്. പൊതു പ്രവർത്തകരായിട്ടുള്ള ആളുകൾ, പൊതുപ്രവർത്തന രംഗത്ത് നിൽക്കുന്നതു കൊണ്ട് പൂർണ്ണമായും ഈ രംഗത്ത് മറ്റൊരു അഭിഭാഷകനെപ്പോലെ സമയം ചെലവഴിക്കാൻ കഴിയാതെ വരുന്നതുകൊണ്ട് അങ്ങനെയുള്ള ആളുകൾക്ക് ഒരു പ്രൊട്ടക്ഷൻ-ഇപ്പോൾ സ്കൂൾ ടീച്ചേഴ്സ്, സ്കൂൾ ടീച്ചേഴ്സിന് എലിജിബിളാണ് ലീവ്; കോളേജ് അധ്യാപകർ, അവർക്ക് ലീവ് എലിജിബിളാണ്; പക്ഷേ വക്കീലിന് അങ്ങനെയൊന്നില്ല. ഈ ഡിസ്പാരിറ്റി കൂടി അങ്ങയുടെ മനസ്സിൽ ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കാൻവേണ്ടി ഞാൻ പറഞ്ഞതാണ്.

ശ്രീ. എം. വിജയകുമാർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു അഭിഭാഷകൻ കൂടിയായതുകൊണ്ട് അതൊന്നും ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. അതൊക്കെ നമ്മുടെ പരിഗണനയിൽ വരേണ്ട വിഷയങ്ങൾ തന്നെയാണ്. ഞാൻ പറഞ്ഞുവന്നത്, അഭിഭാഷക ക്ഷേമനിധിയുടെ ഇംപ്ലിമെന്റേഷന്റെ പ്രായോഗികതയിൽ വന്ന കാര്യങ്ങളെല്ലാം വച്ചുകൊണ്ട് നിരന്തരം ബാർ കൗൺസിൽ, ബാർ അസോസിയേഷനുകൾ, അഭിഭാഷക സംഘടനകൾ, ഉൾപ്പെടെ സമൂഹമാകെ ഒരുപാട് ചർച്ചകൾ നടന്നു, എത്ര ചർച്ച നടന്നുവെന്ന് എനിക്കറിയില്ല. അവസാനം അടിസ്ഥാനപരമായ ചില മാറ്റങ്ങളോടുകൂടി ഈ നിയമസഭയിൽ ഇത് അവതരിപ്പിച്ചു. അഡ്വ. ഉമ്മർ എം.എൽ.എ. ഉൾപ്പെടെയുള്ള ആളുകൾ അവരുടെ ആശങ്ക പ്രകടിപ്പിച്ചു.

ശ്രീ. കെ. സി. ജോസഫ്: സർ, 3 തവണ ഈ ബില്ലിന് ഓർഡിനൻസ് ഇഷ്യൂ ചെയ്തു. ഇപ്പോൾ ഒമ്പതാമത്തെ തവണ സഭയിൽ അവതരിപ്പിച്ചു. സബ്ജക്ട് കമ്മിറ്റിക്കുപോയി. അവിടെ നിന്ന് മടങ്ങിവന്നു. ലാസ്റ്റ് സ്റ്റേജിൽ മന്ത്രി പറയുന്നത്, ഇതിന്റെ Short title and commencement - It shall be deemed to have come into force on the 10th day of June 2008. First ordinance-ൽനിന്നും അതുഹം മാറ്റിപ്പറയുന്നു അങ്ങ് ഫ്ലോറിൽ അമെന്റ്മെന്റ് കൊണ്ടുവന്നിട്ട് ഇതിനകത്ത് Clause (i), (II) and (vii) of section 7, section 8 and clause (i) of section 9 shall come into force at once എന്നാക്കി. ബാക്കി 10th ജൂൺ മുതൽ 2008. എന്തുകൊണ്ടാണ് ഈ മാറ്റം ഇപ്പോൾ വരുത്തിയത്; സബ്ജക്ട് കമ്മിറ്റി ഈ ഓർഡിനൻസ് പരിഗണിക്കാതെ ലാസ്റ്റ് മൊമന്റിൽ എന്തുകൊണ്ടാണ് മാറ്റംവരുത്തിയത്; അതൊന്ന് അറിയണമല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, അതിവിടെ പരിഗണനയ്ക്ക് കൊണ്ടുവന്നാം. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ചതിനുശേഷം പൊതു ഭേദഗതിയും കഴിഞ്ഞ് ക്ലാസ് ബൈ ക്ലാസ് എടുക്കുമ്പോൾ അങ്ങ് സൂചിപ്പിച്ചതുപോലെ ഒഫീഷ്യൽ അമെന്റ്മെന്റ് എടുക്കുന്ന സന്ദർഭത്തിൽ തീർച്ചയായിട്ടും ഞാൻ സംസാരിക്കുന്നതായിരിക്കും. അതിനുമുൻപ് പറയേണ്ട കാര്യമില്ല. ഓരോന്നിനും ഓരോ സന്ദർഭമുണ്ട്. ആ സന്ദർഭത്തിൽ തീർച്ചയായിട്ടും അതിന് ഒരു വിശദീകരണമുണ്ടാകും. സബ്ജക്ട് കമ്മിറ്റി കൂടിയപ്പോൾ അംഗങ്ങൾ ആവശ്യപ്പെടാതെതന്നെ സർക്കാരിന്റെ ഭാഗത്തുനിന്നും മാറ്റങ്ങൾ വരുത്തണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ ഒട്ടേറെ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതുമാത്രമല്ല ഇനിയും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട് അതിനാണ് ഒഫീഷ്യൽ അമെന്റ്മെന്റ്. അതിൽ ചില കാര്യങ്ങളുണ്ട്. എന്നാലെ ഇത് നിലനിൽക്കുകയുള്ളൂ. വയബിളായ ഭേദഗതികൾ കൂടി ഉൾക്കൊള്ളിച്ചിട്ടുള്ള റിപ്പോർട്ടാണ് ഇത്. സഭയുടെ പരിഗണനയ്ക്കുവേണ്ടി സമർപ്പിക്കുന്നു.

ശ്രീ. എം. എം. മോനായി : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള അഭിഭാക്ഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഒട്ടനവധി ക്ഷേമനിധികളുള്ളതിൽ നമ്മുടെ സ്റ്റേറ്റിന്റെ ഏറ്റവും ശുഭോതർക്കമായ ഒരുതരണ നിയമമാണിത്. കാരണം ഈ ഗവൺമെന്റ് എല്ലാ ജനവിഭാഗങ്ങളേയും കണക്കിലെടുക്കുന്നു എന്നതാണ് ഈ നിയമസഭ തന്നെ സാക്ഷ്യം വഹിക്കുന്നത്. അതിൽ 1980-ൽ അഭിഭാഷക ക്ഷേമനിധി വരുന്ന സമയത്ത് അനുവദിക്കപ്പെട്ട ആനുകൂല്യം 30 വർഷത്തെ പ്രാക്ടീസുള്ള അഭിഭാക്ഷനു 3,00,000 രൂപ എന്നുള്ളതാണ്. ഇന്ന് അത് 5 ലക്ഷം രൂപ എന്ന ഒരു തുകയിലേക്ക് മാറിയിരിക്കുന്നു. അത് പോരാ എന്ന അഭിപ്രായങ്ങളൊക്കെ ഇവിടെ പ്രകടിപ്പിക്കപ്പെട്ടെങ്കിലും ഫണ്ടിന്റെ സ്ഥിതിയെപ്പറ്റിയെല്ലാം പരിശോധിക്കുകയാണെങ്കിൽ 5 ലക്ഷം രൂപ എന്നത് ഒരു കുറഞ്ഞ തുകയാണെന്ന് പറയാൻ സാധിക്കില്ല. അതുമാത്രമല്ല കഴിഞ്ഞ തവണ സഭയിൽ ഉയർന്ന ചർച്ചയിൽ ഉന്നയിക്കപ്പെട്ട അഭിപ്രായങ്ങൾ കൂടി സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിച്ചാണ് ഈ ബിൽ അവതരിപ്പിക്കപ്പെട്ടത്.

ശ്രീ. എം. ഉമ്മർ : സർ, ബഹുമാനപ്പെട്ട മെമ്പർ ക്ഷേമനിധിയിലെ തുക 5 ലക്ഷമാക്കി ഉയർത്തിയത് വളരെ നല്ല കാര്യമാണെന്ന് പറയുന്നുണ്ട് ; ഇന്ന് 40 കൊല്ലം പ്രാക്ടീസ് ഉള്ള ഒരാൾക്ക് ഈ 5 ലക്ഷം രൂപ കിട്ടുമോ ; ആകെ ഇതിലുള്ള ഒരു ക്ലാസ് എന്ന് പറയുന്നത് 5 ലക്ഷമാക്കി ഉയർത്തി എന്നുള്ളതാണ്. ഈ 5 ലക്ഷം കിട്ടാൻ ഒരാൾ എത്ര നാൾ കാത്തിരിക്കേണ്ടി വരും എന്ന് അങ്ങ് മനസ്സിലാക്കിയിട്ടില്ല ; എന്താണ് അങ്ങയുടെ അഭിപ്രായം ?

ശ്രീ. എം. എം. മോനായി : സർ, 1980-ലെ ആക്ട് വരുമ്പോഴും 30 വർഷത്തെ സ്റ്റാന്റിംഗ് ഉണ്ടെങ്കിലാണ് 30,000 രൂപ കിട്ടുന്നത്. അത് 1988-ൽ 60,000 രൂപയായി ഉയർത്തി. 1993-ൽ 32 വർഷത്തെ പ്രാക്ടീസ് ഉണ്ടെങ്കിൽ ഒരു ലക്ഷം രൂപ ലഭിക്കുന്ന രീതിയിൽ വർദ്ധിപ്പിച്ചു. ആക്ട് 8, 2001-ൽ അത് 32 വർഷമുണ്ടെങ്കിലാണ്

3 ലക്ഷമാകുന്നത്. അന്ന് ഷെഡ്യൂൾ കൊടുത്തു 5 വർഷത്തിന്, 6 വർഷത്തിന്, 7 വർഷത്തിന് എന്ന്. അല്ലാതെ ഒരാൾ അഭിഭാഷക നിധിയിൽ ചേർന്ന് പിറ്റേ വർഷം തന്നെ 5 ലക്ഷം രൂപ കിട്ടണമെന്ന് പറയുന്നത് ശരിയായ വാദഗതിയാണെന്ന് തോന്നുന്നില്ല, കാരണം നിലനിൽക്കുന്ന 1980-ലെ ആക്ടിലെ ഷെഡ്യൂൾ പ്രകാരം 30 വർഷത്തെ പ്രാക്ടീസ് ഉണ്ടെങ്കിലെ 30,000 രൂപ കിട്ടുകയുള്ളൂ. നേരത്തെയും അങ്ങനെ തന്നെയാണ്.

ശ്രീ. എം. ഉമ്മർ : സർ, ഈ ആക്ടിന്റെ ഇപ്പോഴത്തെ സ്ഥിതി വച്ച് 32 വർഷം പ്രാക്ടീസ് പൂർത്തിയായ ഒരാൾക്ക് എത്ര രൂപ കിട്ടും ?

ശ്രീ. എം. എം. മോനായി : സർ, 32 വർഷം പൂർത്തിയാക്കിയ ഒരാൾക്ക് 5 ലക്ഷം രൂപ കിട്ടും. ഇപ്പോഴത്തെ നിയമപ്രകാരം 14,285 രൂപയാണ് ഒരു വർഷത്തേക്ക് കിട്ടുന്നത് ; ആ ഒരു വർഷം കണക്കാക്കി വരുമ്പോൾ, അതിനുമുൻപ് മറ്റൊന്നുകൂടിയുണ്ട്, നിയമത്തിലെ സബ്ക്ലാസ് 16 കൂടി എടുത്ത് നോക്കുമ്പോൾ 1980-ന് മുൻപുള്ള 2 വർഷത്തെ പ്രാക്ടീസ് ഒരു വർഷത്തെ പ്രാക്ടീസെന്ന് കണക്കാക്കുന്നുണ്ട്. 1980-ൽ ബിൽ അവതരിപ്പിക്കുമ്പോൾ, 1980-ന് മുൻപ് ഒരാൾ പ്രാക്ടീസ് ആരംഭിച്ചിട്ടുണ്ടെങ്കിൽ 4 വർഷത്തെ പ്രാക്ടീസ് ഒരു വർഷമായി കണക്കാക്കുമെന്നായിരുന്നു. പിന്നീട് കൊണ്ടുവന്ന അമെന്റ്മെന്റ് പ്രകാരം 2 വർഷം ഒരു വർഷമായിട്ട് കണക്കാക്കുമ്പോൾ 32 വർഷം പ്രാക്ടീസ് ഉള്ള ഒരാൾക്ക് 1980-ൽ ഈ ആക്ട് വന്നതിനുശേഷം സമയമായിട്ടില്ലല്ലോ ?

ശ്രീ. എം. ഉമ്മർ : സർ, ഷെഡ്യൂൾ പഴയത് തന്നെയാണ്, ഷെഡ്യൂളിന് മാറ്റം വരുത്തുന്നില്ലല്ലോ. അതുകൊണ്ട് 32 വർഷം പ്രാക്ടീസുള്ള ഒരാൾക്കും 5 ലക്ഷം കിട്ടുകയില്ല. അങ്ങ് ഷെഡ്യൂൾ വച്ച് നോക്കിയിട്ട് പറയണം.

ശ്രീ. എം. എം. മോനായി : സർ, ബഹുമാനപ്പെട്ട മെമ്പർ ബില്ലിനെ കുറിച്ച് നന്നായിട്ട് പഠിക്കണം. ഷെഡ്യൂൾ ഇപ്പോൾ ഇല്ല. അത് ഞാൻ രണ്ടാമത് പറയുന്നുണ്ട്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ഇപ്പോൾ ഷെഡ്യൂൾ അല്ല. ഷെഡ്യൂൾ മാറ്റിയിട്ട് 5 വർഷം എന്നാക്കി. അത് ഇപ്പോൾ രണ്ടായി. ഭേദഗതിയുണ്ട്. ഇപ്പോൾ ബേസിക് ആയിട്ടുള്ള കാര്യങ്ങളാണ് പറയുന്നത്. കഴിഞ്ഞ തവണയും അങ്ങ് ഇങ്ങനെ ചില കാര്യങ്ങൾ പറഞ്ഞിരുന്നു അതിൽ കുറച്ചുകൂടി വ്യക്തത വരുത്തേണ്ടതായിട്ടുണ്ട്. ഈ ആക്ടിൽ ഇപ്പോൾ ഷെഡ്യൂളിന് പകരം 1980-ന് ശേഷം 5 വർഷം കഴിഞ്ഞാണ് ഇത് ലഭിക്കുക. 15 വർഷത്തിന് മുൻപാണെങ്കിൽ റെമിറ്റ് ചെയ്യുന്ന തുകയും അതിന്റെ പലിശയും ലഭിക്കും. 1981-ന് മുൻപുള്ളതിന് ശ്രീ. മോനായി പറഞ്ഞതുപോലെ ഈ ആക്ട് കൊണ്ടുവരുമ്പോൾ 4 വർഷത്തേത് ഒരു വർഷമായിട്ട് കൂട്ടിയിരുന്നു. അതിപ്പോൾ 2 വർഷത്തെ പ്രാക്ടീസ് ഒന്നാക്കുകയാണ്. അത്ര ലിബറലായിട്ടാണ്. അങ്ങ് പറഞ്ഞതിന്റെ വ്യക്തതയ്ക്ക് വേണ്ടി പറയാം, 1971 മുതൽ പ്രാക്ടീസ് ചെയ്തു തുടങ്ങിയ ഒരംഗത്തിന് ഫുൾ തുകയായ 5 ലക്ഷം രൂപ ഇപ്പോൾ കിട്ടും. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധിയിൽ അംഗമല്ല, അംഗമായാൽ 5 വർഷം കഴിയുമ്പോൾ ക്ഷേമനിധി തുക ഫുൾ ആയിട്ട് കിട്ടും. അപ്പോൾ ആ രൂപത്തിൽ ഇതിന് മാറ്റം വന്നിരിക്കുകയാണ്. പെൻഷനായിട്ടുള്ള ചെയ്ഞ്ച് വന്നു വളരെ പ്രാക്ടിക്കലായിട്ട് ഈ ഫണ്ടിൽ നിന്നുകൊണ്ടുള്ള കാര്യങ്ങളാണ് ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മോനായി : സർ, ബഹുമാനപ്പെട്ട എം. ഉമ്മർ പറഞ്ഞതിൽ ഒരു പോയിന്റുണ്ട്. അതായത് നേരത്തെ ഉള്ളതിനെക്കാൾ ഭേദമാണെങ്കിലും പ്രാക്ടിക്കലായിട്ടുള്ള ബുദ്ധിമുട്ടെന്തെന്നാൽ ഒരു പ്രശ്നം വന്നിരിക്കുന്നത്, നേരത്തെ ഉണ്ടായിരുന്ന ഷെഡ്യൂൾ പ്രകാരം 15 വർഷത്തിൽ കുറവുള്ള മരാൾക്ക് രൂപ കിട്ടുമായിരുന്നു, അതാണ് ഇപ്പോൾ വന്നിട്ടുള്ള പ്രധാനപ്പെട്ട പ്രശ്നം. അത് അഭിഭാഷകരെ സംബന്ധിച്ച് ദോഷകരമായ കാര്യമാണ്. കാരണമെന്തെന്നാൽ നേരത്തെയുള്ളതനുസരിച്ച് ഫണ്ടിൽ ചേർന്ന് 5 വർഷം കഴിഞ്ഞ് പിൻവാങ്ങി കഴിഞ്ഞാലും ഷെഡ്യൂൾ പ്രകാരമുള്ള തുക കിട്ടുമായിരുന്നു. ഇപ്പോഴുള്ളത് പ്രകാരം 15 വർഷം കഴിഞ്ഞാൽ ആനുകൂല്യങ്ങളുണ്ട് മരിച്ചാൽ ആനുകൂല്യങ്ങളുണ്ട്, അസുഖമായി വന്നാൽ 1 ലക്ഷം രൂപയുടെ ആനുകൂല്യങ്ങളുണ്ട് മരിച്ചാൽ ഡിപ്പന്റൻസിന് 3 ലക്ഷമുണ്ട്. പക്ഷെ 10 വർഷത്തിനിടയ്ക്ക് പ്രാക്ടീസ് നിർത്തികഴിഞ്ഞാൽ അടച്ച തുകയും അതിന്റെ 6 ശതമാനം പലിശയും മാത്രമേ കിട്ടുകയുള്ളു, അത് വാസ്തവത്തിൽ പരിശോധിക്കപ്പെടേണ്ടതാണ്. 2001-ലെ ഭേദഗതി പ്രകാരം 14,825 രൂപ ആക്കി കഴിഞ്ഞപ്പോൾ 5 വർഷം കഴിഞ്ഞ് ഒരു അഡ്വക്കേറ്റ് ആ ഫണ്ടിൽ നിന്ന് പിൻമാറുകയാണെങ്കിൽ 2001-ലെ ഷെഡ്യൂൾ പ്രകാരം 46,875 രൂപ കിട്ടുമായിരുന്നുവെങ്കിൽ ഇപ്പോൾ ഒന്നും കിട്ടില്ല. അദ്ദേഹം അടച്ച തുകയും അടച്ച തുകയുടെ ആറര ശതമാനം പലിശയും മാത്രമേ കിട്ടുകയുള്ളു. അത് നേരത്തെ ഉണ്ടായിരുന്ന എല്ലാ ബില്ലിന്റേയും ആനുകൂല്യത്തെ കവർന്നെടുക്കുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഷെഡ്യൂൾ പുനഃസ്ഥാപിക്കപ്പെടണമെന്നതാണ് ഒരു പ്രധാനപ്പെട്ട ഭേദഗതി.

അതുപോലെ ക്ലാസ് 9(2)(ബി)-യിൽ അങ്ങ് കൊണ്ടുവന്ന ഒരു ഭേദഗതി വളരെ നല്ലതാണ്. കാരണം ബാർ കൗൺസിലിൽ നിന്നെടുത്ത ഫണ്ട് മാനേജുചെയ്യുന്നത് ട്രസ്റ്റിനാക്കി. 'In the clause for the words "and their dependents', the words" a maximum amount of five thousand rupees' shall be substituted എന്നാണ്. അതിനർത്ഥം അംഗത്തിനു മാത്രമേ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുകയുള്ളു. അത് ഇൻഷ്വറൻസ് നൽകുന്ന ഒരു തുകയാണ്. അത് ഫണ്ടിൽനിന്നും മാത്രം പോകുന്നതല്ല. അതായത് ട്രസ്റ്റിന് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാം. ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നാൽ നേരത്തെ അംഗത്തിനും ഡിപെൻഡന്റ്സിനും കിട്ടിയിരുന്ന 5,000 രൂപയുടെ ആനുകൂല്യം മാത്രമേയുള്ളു. ആ 5,000 രൂപയുടെ ആനുകൂല്യം ഇപ്പോൾ അംഗത്തിന് മാത്രമാക്കി അവരുടെ ഡിപെൻഡന്റസിനെ എടുത്തുകളഞ്ഞത് വാസ്തവത്തിൽ അത് പുനഃപരിശോധിക്കണം. ബാക്കി എല്ലാ കാര്യങ്ങളിലും ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ ഇതിൽ ആശങ്കയുടെ കാര്യമില്ല. ജനപ്രതിനിധികളായിട്ടുള്ള ആളുകൾക്ക്

6.00 PM]

പ്രാക്ടീസ് ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ല. ശമ്പളം പറ്റുന്ന ഒരു ജോലി അവർ സ്വീകരിക്കപ്പെട്ടു കഴിഞ്ഞാൽ അവർക്ക് സസ്പെൻഡ് ചെയ്യാം. ബാർ അസോസിയേഷൻ സസ്പെൻഡ് ചെയ്തിട്ട് വീണ്ടും പ്രാക്ടീസ് പുനരാരംഭിക്കപ്പെടാം. അപ്പോൾ അതുകൊണ്ട് ആ ഒരു ആശങ്ക അവിടെയില്ല.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, ഞാൻ ഇതിന്റെ അടിസ്ഥാന തത്വത്തിനോട് യോജിക്കുന്നില്ല. ഏത് സമൂഹവും പ്രോത്സാഹിപ്പിക്കുന്നത് അവിടുത്തെ മിടുക്കൻമാരെയാണ്. സമൂഹത്തിൽ അവസരം കിട്ടാത്ത ആൾക്കാർക്കു വേണ്ടിയാണ് ക്ഷേമനിധി കൊണ്ടുവരുന്നത്. സർക്കാർ ചെലവിൽ സ്കൂളിൽ ഫീസില്ലാതെ പഠിച്ച്, graduation-നും Post graduation-നും എൽ.എൽ.ബി.-യും പഠിച്ച് പ്രാക്ടീസ് ചെയ്തതിനുശേഷം വരുമാനമില്ലായെന്ന് പറയുമ്പോൾ, ഞാൻ മണ്ടനാണെന്ന് തെളിയിക്കുന്ന ആൾക്കാർക്കുവേണ്ടിയല്ല നമ്മുടെ സമൂഹത്തിലെ പാവപ്പെട്ടവന്റെയും ഖജനാവിലെയും പൈസ മാറ്റി വയ്ക്കേണ്ടത്.....(ബഹളം)..... ഇന്ത്യയിലെ മൊത്തം പോപ്പുലേഷന്റെ 50 ശതമാനം കുട്ടികൾ സ്കൂളിൽപ്പോലും പോകുന്നില്ല. ആ സ്ഥിതിക്ക് Post graduation കഴിഞ്ഞ പണിക്കുപോകേണ്ട ആളുകൾക്ക് പണിയില്ല, ജീവിക്കാൻ പോലും പണി കിട്ടാത്ത ആളുകൾ മണ്ടൻമാരല്ലേ, അവർക്കുവേണ്ടി ക്ഷേമനിധി ഏർപ്പെടുത്താൻ ഒരു സമൂഹം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യമില്ല. അപ്പോൾ ഞാൻ അതിന്റെ അടിസ്ഥാന തത്വം തന്നെ ചോദ്യം ചെയ്യുകയാണ്. ഇത് ശരിയല്ല. എം.എൽ.എ.-മാർ പ്രാക്ടീസ് ചെയ്യുന്നതിനെ കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. അസംബ്ലിയിൽ ഇരിക്കുന്ന ആളുകളൊന്നും അത്ര മണ്ടൻമാരൊന്നുമല്ല. ഈ ക്ഷേമനിധി കിട്ടാൻവേണ്ടി പ്രാക്ടീസ് ചെയ്യാൻ പോയാൽ, ജീവിക്കാൻ കാശ് കിട്ടാത്തവരൊന്നുമല്ല. അതുകൊണ്ട് എന്റെ കാഴ്ചപ്പാടിൽ ഈ ക്ഷേമനിധിയുടെ അടിസ്ഥാന ഫിലോസഫിതന്നെ തെറ്റാണ്.

ശ്രീ. എം. എം. മോനായി: സർ, സമയം കുറഞ്ഞ സാഹചര്യത്തിൽ അങ്ങനെയൊരു ചർച്ചയിലേക്ക് പോകാൻ ഉദ്ദേശിക്കുന്നില്ല. കാരണമെന്തെന്നുവച്ചാൽ കഴിഞ്ഞ തവണ ഈ ബിൽ അവതരിപ്പിച്ച സമയത്തുതന്നെ ഇത് സംബന്ധിച്ച് വളരെ ദീർഘമായി ചർച്ച ചെയ്തതാണ്. നമ്മൾ പാസ്സാക്കുന്ന നിയമങ്ങൾ ശരിയായ ജുഡീഷ്യൽ ഇന്റർപ്രെട്ടേഷൻ വരുന്നത് വാസ്തവത്തിൽ അഭിഭാഷകൻമാരുടെ ഡ്യൂ പ്രോസസ് ചെയ്യുന്നതുകൊണ്ടാണ്. ഷേക്സ്പിയറിന്റെ 'Merchant of Venice'-ൽ മാംസത്തിനുവേണ്ടി ഷൈലോക്ക് കത്തിയുടെ മൂർച്ച കൂട്ടുമ്പോൾ ഒരു അഭിഭാഷകന്റെ നിയമപരമായ ഇടപെടൽ, നിങ്ങൾക്ക് മാംസമെടുക്കാം പക്ഷേ രക്തം പൊടിയാൻ പാടില്ലായെന്ന് പറയുന്നതാണ് അയാളുടെ ജീവൻ രക്ഷപ്പെടുത്തിയത്. അപ്പോൾ നമ്മുടെ ലോകചരിത്രം പഠിക്കുകയാണെങ്കിൽ രണ്ട് പ്രധാനപ്പെട്ട ധാരകൾ കാണാം. വ്യക്തി സ്വാതന്ത്ര്യത്തിന്റെയും ഗ്രീക്ക് ചരിത്രത്തിന്റെയും തത്വശാസ്ത്രങ്ങളും ജനാധിപത്യവും. അതുപോലെതന്നെ നമ്മുടെ സാമൂഹ്യക്രമം എങ്ങനെ നടത്തണമെന്ന് പറയുന്ന റോമാ സാമ്രാജ്യം ഉണ്ടാക്കിയിട്ടുള്ള റോമൻ നിയമങ്ങളും. ഇതെല്ലാംകൂടി ചേർന്നിട്ടാണ് ഇന്ന് നമ്മുടെ നിയമസഭകളും പല രാജ്യങ്ങളും രൂപപ്പെട്ടുവന്നത്. അഭിഭാഷകർ എന്നുപറയുന്നത് ഇന്ന് സമൂഹത്തിലെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട ഒരു വിഭാഗമാണ്. ആ അഭിഭാഷകർ എല്ലാവരും ഒരേപോലെ സാമ്പത്തികമായ കഴിവുള്ളവരല്ല. നേരത്തെ അവതരിപ്പിക്കപ്പെട്ട ബില്ലിൽ അംഗമായി ചേർന്നാൽതന്നെ ആനുകൂല്യം കൊടുക്കുകയാണ്. ഇവിടെ അങ്ങനെയല്ല. അവരുടെകൂടി ഫണ്ട് വാങ്ങുകയാണ്. ഏത് സംവിധാനത്തിലും ശക്തമായ ഒരു വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി ഒരു പദ്ധതിയുണ്ടാകുന്നത് നമ്മുടെ സമൂഹം തള്ളിക്കളയേണ്ട കാര്യമില്ല. കാരണം ഒരു സമൂഹം എന്നു പറയുന്നത് എല്ലാ വിഭാഗങ്ങളുംകൂടി ചേരുന്നതാണ്. ആ എല്ലാ സാമൂഹ്യ വിഭാഗങ്ങളുടെയും വളർച്ചയിൽ അഭിഭാഷക സമൂഹത്തെ ഒഴിവാക്കി നിർത്തേണ്ട ആവശ്യമില്ല. ജനാധിപത്യം നിലനിൽക്കുന്ന ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട രാജ്യവും ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യവുമാണ് ഇന്ത്യ. വർത്തമാന കാലഘട്ടങ്ങളിലെ നിരവധി കേസ്സുകൾ വാദിച്ച് ജയിച്ച് നമ്മുടെ ജനാധിപത്യത്തെ നിലനിർത്തുന്നതിൽ അഭിഭാഷകർ വഹിച്ചിട്ടുള്ള പങ്ക് നമുക്ക് തള്ളിക്കളയാൻ സാധിക്കുകയില്ല.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, ഞാൻ ഒരു വക്കീലാണ്. അഭിഭാഷകർ ചെയ്യുന്നത് ലോകത്തിൽ ഡെമോക്രസിയിൽ ഏറ്റവും അത്യാവശ്യമായിട്ടുള്ളതും മാന്യവുമായ കാര്യമാണ്. ഞാൻ പറയുന്നത് ശ്രീ. എം. എം. മോനായിക്ക് മനസ്സിലായി. പക്ഷേ വിഷയം മാറ്റുകയാണ്. ഞാൻ പറഞ്ഞത് സമൂഹത്തിൽ ഒന്നുംകിട്ടാത്ത അവഗണിക്കപ്പെട്ട ഒരു സമൂഹത്തിനു വേണ്ടിയാണ് ക്ഷേമനിധി തുടങ്ങുന്നത്. വക്കീലൻമാർ സർക്കാരിന്റെ കാശ് മുടക്കി Post graduation വരെ പഠിച്ചിട്ട് അവർക്കുവേണ്ടി ഒരു ക്ഷേമനിധി തുടങ്ങേണ്ട കാര്യമില്ലായെന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ വക്കീലൻമാർ 'In a democracy advocates/lawyers are an extremely integral part'. അതിന്റെ ഭാഗമാണ്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. അൽഫോൺസ് കണ്ണന്താനം, വളരെയേറെ ബുദ്ധത്തും കാര്യങ്ങളുമൊക്കെ ഉണ്ടായിരുന്ന സമ്പന്നമായ ഒരു കുടുംബത്തിലെ ഒരാൾ ദയനീയമായ സ്ഥിതിയിലായിപ്പോയി. ആ കുടുംബത്തിലെ മറ്റെല്ലാവരുംകൂടി ഒരു ഫണ്ടുപിരിച്ച് അദ്ദേഹത്തിന് കൊടുക്കുന്നതിൽ എന്തെങ്കിലും അധാർമ്മികതയുണ്ടോ? അതാണ് ഇവിടെ നടക്കുന്നത്.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, ഈ കേസ്സിൽ സംഭവിച്ചിരിക്കുന്നത് സമൂഹത്തിന്റെ ചെലവിൽ Post graduation പഠിച്ച ഒരു കുട്ടിയെ സഹായിക്കാൻ നോക്കുന്നു. അതിന്റെ ആവശ്യമില്ല. ഞാൻ ഇത് പറയുമ്പോൾ നാളെ പറയും, അൽഫോൺസ് കണ്ണന്താനം വക്കീലൻമാർക്ക് എതിരാണെന്ന്. ഞാൻ പിന്നെ എന്തിനാണ് വക്കീൽപണി പഠിച്ചത്. ഞാൻ സമയം കിട്ടുമ്പോൾ കോടതിയിൽ പോകുന്ന ആളാണ്. വക്കീലാണെന്ന് പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. ഞാൻ പറയുന്നത്, ഇതിന്റെ അടിസ്ഥാനതത്വം ശരിയല്ല, വക്കീലൻമാർ ഒരു ദുർബല വിഭാഗമല്ല, ഇതിനകത്തെ മണ്ടൻമാരെ സഹായിക്കാൻവേണ്ടി ഒരു ക്ഷേമനിധി തുടങ്ങേണ്ട കാര്യമില്ല, കാരണം ഇതിനകത്ത് മണ്ടൻമാർ വരേണ്ട കാര്യമില്ല. ഒരു സമൂഹവും മണ്ടൻമാരെ പ്രോത്സാഹിപ്പിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മോനായി : സർ, 9010-ൽ അവതരിപ്പിച്ച് പാസ്സാക്കിയ അഭിഭാഷക ക്ഷേമനിധിയുടെ അമെന്റ്മെന്റാണ് ഇപ്പോൾ കൊണ്ടുവരുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, യഥാർത്ഥത്തിൽ വക്കീൽ പ്രൊഫഷണലിൽ നിൽക്കുന്ന ആളുകളെ ഇത്രയും താഴ്ത്തി എന്റെ സ്നേഹിതൻ ശ്രീ. അൽഫോൺസ് കണ്ണന്താനം പറഞ്ഞത് കഷ്ടമായിപ്പോയി. വക്കീലൻമാർ മണ്ടൻമാരാണോ? നമ്മൾ ഒരു ക്ഷേമനിധി കൊണ്ടുവരുന്നത് മണ്ടൻമാർക്കുവേണ്ടിയുള്ള പ്രത്യേക ഫണ്ടാണോ ? ക്ഷേമനിധി എന്നു പറയുന്നത് ഐശ്വര്യ സമ്പൂർണ്ണമായ ഒരു രാജ്യത്ത് അതിനുവേണ്ടി എല്ലാവരെയും പ്രാപ്തരാക്കുകയാണ്.....(ബഹളം)..... ഞാനൊന്ന് പറഞ്ഞോട്ടെ, ...(ബഹളം)..... അങ്ങേക്ക് മൈക്ക് ഇല്ല. എനിക്കയുള്ളൂ. അങ്ങ് എത്ര ശബ്ദമുണ്ടാക്കിയാലും ഇതുമാത്രമേ കേൾക്കുകയുള്ളൂ. അപ്പോൾ ഞാൻ പറഞ്ഞുവന്നത്, ദയവായി അവിടെ ഇരുന്നോളൂ. ഞാൻ സ്പീക്കറോട് പറയാം. അഡ്വക്കേറ്റ്സ് പ്രൊഫഷൻ എന്നുപറഞ്ഞാൽ വളരെ വിലപിടിപ്പുള്ളതാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിന് ഏറ്റവും മുന്നണി പോരാളികളായി നിന്നിട്ടുള്ളത് അഭിഭാഷകരാണ്. .....(ബഹളം)..... അഡ്വക്കേറ്റുമാരാണ്. ആ അഭിഭാഷകവൃത്തിക്ക് കൊടുക്കുന്ന സ്ഥത്ത്, മണ്ടൻമാർക്കുവേണ്ടിയുള്ള ഫണ്ട് എന്നുള്ള നിലയിലേക്ക് ഇതിനെ കൊണ്ടുവന്നതുതന്നെ വളരെ ദുഃഖത്തോടുകൂടിയാണ്. ശ്രീ. അൽഫോൺസ് കണ്ണന്താനം എന്റെ സ്നേഹിതനാണ്. അതുകൊണ്ടാണ് ഇവിടെവച്ച് മറുപടി പറയുന്നത്. അല്ലെങ്കിൽ പുറത്തുവച്ച് മറുപടി പറയുമായിരുന്നു. അതുകൊണ്ട് ഈ മുഖത്തിൽ അതിനെ ചിത്രീകരിക്കരുത്. സമൂഹത്തിൽ എല്ലാവരും സമ്പന്നരും പ്രാപ്തരുമായി പോകുകയാണെങ്കിൽ നമുക്കൊരു പ്രശ്നവുമില്ലല്ലോ. അതുകൊണ്ട് നിശ്ചയമായും ആളുകളെ ഇങ്ങനെ അപമാനിക്കുന്ന മുഖത്തിലുള്ള ഒരു പദപ്രയോഗം അങ്ങ് പിൻവലിക്കുമെന്നുള്ളതാണ് എന്റെ പ്രതീക്ഷ. ശ്രീ. എം. എം. മോനായിക്കും ആ പ്രതീക്ഷയുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ചെയർപേഴ്സൺ : എന്തായാലും അഭിഭാഷകർ മണ്ടൻമാരല്ല. ഏറ്റവും നല്ല മിടുക്കൻമാർ തന്നെയാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, മഹാബുദ്ധിമാനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എനിക്ക് നല്ല സുഹൃത്താണ്. കളക്ടർ ആയിരിക്കുമ്പോഴേ നന്നായി അറിയാം. ഇത്രയും മഹാബുദ്ധിമാനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഞാൻ പറഞ്ഞതിന്റെ അർത്ഥം മനസ്സിലായില്ലായെന്ന് അവിടെയിരുന്നുകൊണ്ട് pretend ചെയ്യരുത്. ഞാൻ പറഞ്ഞത് നമ്മുടെ വക്കീലൻമാർക്കൊക്കെ നല്ല ബുദ്ധിയുണ്ട്. സമൂഹം ആവശ്യത്തിൽ കൂടുതൽ അവസരം കൊടുത്തിട്ടുണ്ട്. അതിനകത്ത് കഞ്ഞി കുടിക്കാൻപോലും വകയില്ലാത്ത ആൾക്കാരുണ്ട്, അവരെ സഹായിക്കണമെന്ന് പറയുമ്പോൾ അതിന്റെ അർത്ഥമെന്താണ് ? ഈ പ്രൊഫഷനിലേക്ക് വരുന്ന ധാരാളം ആളുകൾ കഴിവില്ലാത്തവർ..... sorry, ഞാൻ ആ വാക്കുമാത്രമേ ഉപയോഗിക്കുകയുള്ളൂ. കുറേ ആളുകൾ മണ്ടൻമാരായിരിക്കും. അവർക്ക് കഞ്ഞി കുടിക്കാൻ വകുപ്പില്ല. അതുകൊണ്ട് അവർക്ക് ഒരു ക്ഷേമനിധി ഉണ്ടാക്കണമെന്ന് പറഞ്ഞാൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,

LIBRARY ARCHIVES Kerala Legislative Assembly

അത് നമ്മുടെ വക്കീലൻമാരുടെ പ്രൊഫഷനെ insult ചെയ്യുകയാണ്. ഈ പ്രൊഫഷനിൽവരുന്ന ആളുകളെല്ലാം ബുദ്ധിയുള്ളവരാണ്. അതുകൊണ്ട് അവരെ സഹായിക്കാൻ ഒരു ക്ഷേമനിധി തുടങ്ങണമെന്ന് പറഞ്ഞാൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഈ പ്രൊഫഷനിൽ വരുന്ന ആളുകളെ ഈ ആക്ടിലൂടെ insult ചെയ്യുകയാണ്. ഇവർക്കെല്ലാം ബുദ്ധിയുണ്ട്, കഴിവുണ്ട് എന്നാണ് എന്റെ കാഴ്ചപ്പാട്. ഇതിനകത്ത് മണ്ടൻമാരില്ല. അതുകൊണ്ട് ഈ ആക്ടിന്റെ ആവശ്യമില്ല, ഈ ക്ഷേമനിധിയുടെ ആവശ്യമില്ലായെന്നാണ് ഞാൻ പറയുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇത് മനസ്സിലായിട്ടും ഇങ്ങനെ വളച്ചൊടിച്ച് പറയരുത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. എം. എം. മോനായി: സർ, ഞാൻ ഏതായാലും ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന്റെ അഭിപ്രായത്തോട് യോജിക്കുന്നില്ല. കാരണം ശ്രീ. അൽഫോൺസ് കണ്ണന്താനം വളരെ പക്ഷപാതപരമായി അദ്ദേഹത്തിനുണ്ടായിട്ടുള്ള ചില അനുഭവങ്ങളുടെ പശ്ചാത്തലത്തിലുള്ള ഒരു നടപടിയാണ് നടത്തി കൊണ്ടിരിക്കുന്നത്. ആ വിഷമങ്ങളൊക്കെ നമുക്ക് മനസ്സിലാക്കാം.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, ഞാൻ തത്വങ്ങൾ പറയുമ്പോൾ എന്റെ പേഴ്സണൽ എക്സ്പീരിയൻസ് അതിനകത്ത് കൊണ്ടുവരില്ല. ഞാൻ എന്റെ പേഴ്സണൽ കാര്യങ്ങൾ പറയുകയാണെങ്കിൽ ശ്രീ. എം. എം. മോനായി ഒന്ന് ഡിബേറ്റ് ചെയ്തോളൂ. ഒരു ആക്ട് നടപ്പിലാക്കി, ഗവൺമെന്റിന്റെ ഒരു പദ്ധതി കൊണ്ടുവരുമ്പോഴുള്ള അടിസ്ഥാന ഫിലോസഫി തെറ്റാണ് എന്നാണ് പറഞ്ഞത്. അപ്പോൾ എന്റെ വ്യക്തിപരമായ എക്സ്പീരിയൻസിൽ നിന്നാണെന്ന് പറയുമ്പോൾ, ശ്രീ. മോനായിക്ക് അതിന് മറുപടി പറയാൻ പറ്റില്ല. അങ്ങനെ പറയരുത്. അത് തെറ്റാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, 1980 മുതലുള്ള ഒരു നിയമമാണിത്. ഇതിന്റെ അമെൻമെന്റാണ് ഇവിടെ ചർച്ച ചെയ്തത്. ബഹുമാനപ്പെട്ട ശ്രീ. അൽഫോൺസ് കണ്ണന്താനം എന്ത് അധികാരത്തിലാണ് ഇത് വേണ്ടായെന്ന് പറയുന്നത്? ആർക്കുവേണ്ടിയാണ് അങ്ങ് സംസാരിക്കുന്നത്? ഇവിടത്തെ അഭിഭാഷകരും കേരളത്തിലെ ബാർ അസോസിയേഷനുമെല്ലാം ആവശ്യപ്പെട്ടപ്പോഴാണ് ബിൽ കൊണ്ടുവന്നത്. ബിൽ കൊണ്ടുവന്നിട്ട് ഇപ്പോൾ 30 കൊല്ലം കഴിഞ്ഞു. ബില്ല് ആവശ്യമില്ലായെന്ന് പറയാൻ അങ്ങേക്ക് എന്ത് അതോറിറ്റിയാണുള്ളത്?

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, 1980-ൽ ഞാൻ ഈ സഭയിൽ ഇല്ലായിരുന്നു. ഞാൻ അന്ന് ഐ.എ.എസ്. അക്കാഡമിയിൽ ആയിരുന്നു. അന്ന് എനിക്ക് മറുപടി പറയാൻ പറ്റില്ലായിരുന്നു. അന്ന് എന്ത് സംഭവിച്ചുവെന്ന് എനിക്ക് അറിഞ്ഞുകൂടാ. അതിന്റെ തത്വം എന്താണെന്ന് എനിക്ക് അറിഞ്ഞുകൂടാ. നമ്മൾ പണ്ട് ചെയ്തതുകൊണ്ട് ഇന്നും ലോകം അങ്ങനെയായിരിക്കണമെന്ന് പറഞ്ഞാൽ സോറി, ഞാൻ അംഗീകരിക്കില്ല. 1980-ലൊക്കെ നമ്മൾ കത്തെഴുതി പോസ്റ്റാഫീസിൽ കൊണ്ടിട്ടുകൊണ്ടിരുന്നതാണ്. ഇന്ന് എന്റെ കത്തുകൾ മുഴുവൻ പോകുന്നത് എന്റെ മൊബൈൽ ഫോണിൽ നിന്നാണ്. സിസ്റ്റം മാറി.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. എം. എം. മോനായി അല്ല സംസാരിക്കുന്നത് ?

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, ഇവിടെ എന്നെപ്പറ്റി പറഞ്ഞതു കൊണ്ട് ഞാൻ റെസ്പോണ്ട് ചെയ്യുകയാണ്. സമൂഹത്തിൽ ലക്ഷക്കണക്കിന് കോടിക്കണക്കിന് ആൾക്കാർ പട്ടിണി കിടക്കുമ്പോൾ, അവരെ സഹായിക്കാൻ വേണ്ടിയാണ് ക്ഷേമനിധികൾ കൊണ്ടുവരേണ്ടത്. അല്ലാതെ പഠിക്കാൻ അവസരം കിട്ടിയ പോസ്റ്റ് ഗ്രാജുവേറ്റ്സിനെ സഹായിക്കാൻ വേണ്ടിയല്ല എന്ന അടിസ്ഥാന തത്വമാണ് ഞാൻ പറഞ്ഞത്. ശ്രീ കെ. സി. ജോസഫ്, ആ തത്വം ശരിയാണല്ല ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ 1960-ൽ അവതരിപ്പിച്ച ഒരു നിയമത്തിന് അമെന്റ്മെന്റ് കൊടുക്കാൻ ഒരംഗത്തിന് പറ്റിയില്ല. കാരണം അദ്ദേഹം അന്ന് ഐ.എ.എസ്.-ലായിരുന്നു. അതിനെപ്പറ്റി പൂർവ്വകാല പ്രാബല്യത്തോടുകൂടിയ ഒരു പ്രസംഗം നമ്മൾ ഇവിടെ കേട്ടിരിക്കുന്നത് ശരിയാണോ ? 1960-ൽ നടത്തേണ്ട ഒരു പ്രസംഗം 2010-ൽ പൂർവ്വകാല പ്രാബല്യത്തോടുകൂടി ഈ സഭ സഹിക്കണം എന്നൊരു വാശി ഒരു അംഗത്തിന് ഉണ്ടാകുന്നത് ശരിയാണോ ?

മി. ഡെപ്യൂട്ടി സ്പീക്കർ: നോ, നോ..... ഇതിലെ നടപടിക്രമത്തിൽ തെറ്റുണ്ട്. അങ്ങനെയല്ല. ശ്രീ. എം. എം. മോനായി ആണ് സംസാരിക്കുന്നത്. ശ്രീ എം. എം. മോനായി വീണ്ടും സംസാരിക്കുമ്പോഴേ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ സംശയം തീർക്കാൻ പറ്റുകയുള്ളൂ.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ബഹുമാനപ്പെട്ട ശ്രീ. അൽഫോൺസ് കണ്ണന്താനം അഭിഭാഷകർ മണ്ടന്മാർ എന്ന് ഉപയോഗിച്ചത് ഓർഡറിൽ അല്ല. അത് സഭാ രേഖകളിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ല. ഒരു വാക്ക് കൂടി പറയട്ടെ. അഭിഭാഷകർ ഈ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും നീതി വാങ്ങിക്കൊടുക്കുന്ന ഏറ്റവും നല്ല വിഭാഗമാണ്. മാത്രമല്ല, 1966-ലെ മതി റോയി കേസ് അടക്കമുള്ള പ്രസക്തമായിട്ടുള്ള കേസുകളിൽ ജഡ്ജ്മെന്റ് എഴുതാൻ ജഡ്ജിമാരെ സഹായിക്കുന്ന മനുഷ്യന്റെ സ്പന്ദനങ്ങൾ അറിയുന്ന, സമൂഹത്തിന്റെ മാറ്റങ്ങൾ അറിയുന്ന വിഭാഗമാണ് അഭിഭാഷകർ. അവർക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തുക എന്ന് പറഞ്ഞാൽ അത് അവശവിഭാഗത്തിന് എന്നുള്ള രീതിയിൽ ഒരിക്കലും കണക്കാക്കാൻ പാടില്ല.

ശ്രീ. എം. എം. മോനായി: സർ, ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന്റെ അഭിപ്രായങ്ങളോട് യോജിക്കാൻ കഴിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. പ്രകാശൻ മാസ്റ്റർ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, പോയിന്റ് ഓഫ് ഓർഡർ. സഭാ ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും നഗ്നമായ ലംഘനമാണിവിടെ നടക്കുന്നത്. ഇവിടെ അഭിഭാഷകരുടെ ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച് നടക്കുന്ന ചർച്ചയിൽ ആരെങ്കിലും ഒരാൾ വഴങ്ങിക്കൊടുത്ത് അദ്ദേഹത്തെ സപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ വഴങ്ങുന്നവർക്ക് മറ്റൊരാൾ വഴങ്ങുകയും വളരെ ഗൗരവമായ ചർച്ചയിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്ന ഒരു നിലപാട് നമ്മുടെ പ്രാക്ടീസിന് തന്നെ എതിരായിട്ടുള്ളതാണ്. ഇത് കീഴ്വഴക്കങ്ങൾക്കും എതിരാണ്. അതുകൊണ്ട് ഇത് ബഹുമാനപ്പെട്ട ചെയർ അനുവദിക്കാൻ പാടില്ല.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ : നോ, നോ. അത് തെറ്റാണ്. പോയിന്റ് ഓഫ് ഓർഡറില്ല. അതിൽ എന്താണ് വിഷയം. അതിന് നടപടിക്രമങ്ങളുണ്ട്. ശ്രീ. എം. എം. മോനായി ഇനി സംസാരിക്കുമ്പോൾ നിങ്ങൾക്ക് പറയാം.

ശ്രീ. എം. എം. മോനായി : സർ, ബഹുമാനപ്പെട്ട ശ്രീ. അൽഫോൺസ് കണ്ണന്താനം പറഞ്ഞിട്ടുള്ള..... പോയിന്റ് ഒഫ് ഓർഡർ അവിടെ അനുവദിച്ചാലെ ഉള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : എന്ത് കാര്യത്തിന്, എന്താണ് പോയിന്റ് ?

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, ഞാൻ അഭിഭാഷകർ മണ്ടന്മാരാണെന്ന് പറഞ്ഞിട്ടില്ല. പെയറിൽ ആ സമയത്തിരുന്ന ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ പറയാത്ത കാര്യം പറഞ്ഞുവെന്ന് ഈ സഭയിൽ ഇവിടെ വന്നിരുന്നു പറഞ്ഞാൽ അത് ഓർഡറിലാണോ ?

ശ്രീ. എം. എം. മോനായി : സർ, ശ്രീ. അൽഫോൺസ് കണ്ണന്താനം പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളോട് താത്വികമായിട്ട് തന്നെ ഞാൻ യോജിക്കുന്നില്ല. വ്യക്തിപരമായ പ്രശ്നങ്ങൾ കഴിഞ്ഞ നിയമസഭയിൽ അദ്ദേഹം തന്നെ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ ഞാൻ പരാമർശിച്ചത്. മഹാത്മാഗാന്ധി സൗത്ത് ആഫ്രിക്കയിലേക്ക് അഭിഭാഷകനായിട്ട് പോയ വ്യക്തിയാണ്. അഭിഭാഷക വൃത്തി സമൂഹത്തിലെ ഏറ്റവും നോബിൾ ആയ ഒരു പ്രൊഫഷനാണ്. ശ്രീ. കണ്ണന്താനം വായിച്ചിട്ടുണ്ടോ എന്ന് അറിയില്ല, പൊളിറ്റിക്കൽ സയന്റിസ്റ്റ് ശ്രീ. വോജിൻ റാക്കിക് എന്നയാൾ പറയുന്നത് 'History is marked by a slow but progressive development of justice എന്നാണ്. നമ്മുടെ ചരിത്രം പുരോഗമിക്കുന്നത് നീതിയിലേക്കാണ്. ആ നീതിയുടെ കാവലാളന്മാരാണ് വാസ്തവത്തിൽ അഭിഭാഷകന്മാർ എന്ന് പറയുന്നത്. ആ അഭിഭാഷകന്മാരുടെ ക്ഷേമത്തിനുവേണ്ടി ഉയർത്തപ്പെടുന്ന ഒരു ഫണ്ട്, ഈ ക്ഷേമനിധിയുടെ ഫണ്ടുകളെല്ലാം ദുർബലന്മാർക്കും അല്ലെങ്കിൽ കാശില്ലാത്തവർക്കും വേണ്ടിമാത്രമാണ് എന്നുള്ള വാദഗതി ശരിയല്ല. ക്ഷേമ നിധികളെല്ലാം സമൂഹത്തിലെ വളരെ പാവപ്പെട്ട, ഏറ്റവും മോശമായ ക്ലാസിലുള്ളവർക്ക് മാത്രമാണ് എന്ന് പറയുന്നത് ശരിയല്ല. കലാകാരന്മാരുടെ ബിൽ ഇവിടെ അവതരിപ്പിച്ചു. കലാകാരന്മാരെല്ലാം മോശമായവരാണോ ? താത്വികമായും അദ്ദേഹം പറഞ്ഞ അഭിപ്രായം ശരിയല്ല. കാരണം ക്ഷേമനിധി അവതരിപ്പിക്കപ്പെടുന്നത് നമ്മുടെ സമൂഹത്തിന്റെ ബാധ്യതയായി എന്നുള്ള നിലയിൽ ഒരു ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിന്റെ ഫലമായാണ്. ഇവിടെയുണ്ടാക്കുന്ന എല്ലാ വെൽഫെയർ മെഷേഴ്സും ഹേബിയസ് കോർപ്പസ് നിയമങ്ങളാണെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യൻ ഭരണഘടനയാണെങ്കിലും നമ്മുടെ സമൂഹത്തിന്റെ താല്പര്യങ്ങളെ കണക്കിലെടുത്ത് പാസാക്കുന്നതാണ്. അല്ലാതെ സമൂഹത്തെ ക്ലാസുകളായി തരംതിരിച്ച് കുറേ ആളുകൾ വരുണ്ണ്യ വിഭാഗങ്ങൾ അവർക്ക് ഒന്നും ആവശ്യമില്ല, താഴെയുള്ള കുറേ ആളുകൾക്കുവേണ്ടി മാത്രം എന്നുള്ള അർത്ഥത്തിലുള്ള താത്വികമായ നിലപാടോടുകൂടിയ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്ക് നിരക്കുന്നതല്ല. ഈ ബില്ലിലേക്ക് മാത്രം ഒതുങ്ങിനിന്ന് ഞാൻ മൂന്ന് കാര്യങ്ങൾ മാത്രം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരികയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് പറഞ്ഞു കഴിഞ്ഞില്ലേ ?

ശ്രീ. എം. എം. മോനായി : സർ, പഴയ ആക്ടിൽ 'cessation of practice എന്നത് ഒരു ടെക്നിക്കാലിറ്റി മാത്രമാണ്. 'Cessation of practice' means....' എന്നുപറയുന്നതിൽ റിട്ടയർമെന്റിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പക്ഷേ ഡെത്ത് എന്നുപറയുന്നത് 'cessation of practice'-ൽ ഇപ്പോൾ പെട്ടിട്ടില്ല. അത് സാങ്കേതികം മാത്രമാണ്. മറ്റൊന്ന്, നേരത്തെ ഞാൻ പറഞ്ഞിട്ടുള്ള ഷെഡ്യൂൾ പുനഃസ്ഥാപിക്കപ്പെടണം. ഷെഡ്യൂൾ പുനഃസ്ഥാപിക്കപ്പെട്ടുകൊണ്ട് 5 വർഷത്തിന് താഴെയുള്ളവർക്കും അങ്ങ് പ്രഖ്യാപിച്ചിട്ടുള്ള 14,825 രൂപയുടെ സ്ലാബ് പ്രകാരമുള്ള തുക അനുവദിക്കണം. അതുപോലെ തന്നെ ഇൻഷ്വറൻസിൽനിന്ന് ഈ പറയുന്ന ഡിപെൻഡൻസിനും അയ്യായിരം രൂപ കൊടുക്കാൻ കഴിയാവുന്ന തരത്തിൽ സെക്ഷൻ 18-ൽ ഒരു ഭേദഗതി കൂടി വേണം എന്നു പറഞ്ഞ് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലിന് 2008-ൽ ഓർഡിനൻസ് കൊണ്ടുവരികയും ഒരു ഡസനിലധികം പ്രാവശ്യം അതിന്റെ ഓർഡിനൻസുകൾ വീണ്ടും വരികയാണുമുണ്ടായത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഇതിന് ബാർ കൗൺസിൽ അല്ല ഉത്തരവാദികൾ. ബാർ കൗൺസിൽ പറഞ്ഞതു പോലുള്ള ഓർഡിനൻസല്ല ഇവിടെ ഇറക്കിയിട്ടുള്ളത്. ബാർ കൗൺസിലിന്റേയോ അഭിഭാഷക സമൂഹത്തിന്റേയോ മുഴുവൻ താൽപ്പര്യങ്ങളും ഈ ഓർഡിനൻസിലും ബില്ലിലും വന്നിട്ടില്ല. ഈ ബില്ലിൽ വന്നിരിക്കുന്ന ഒരു പ്രധാനപ്പെട്ട കുഴപ്പം, ഏത് വെൽഫെയർ ഫണ്ട് ബില്ലുകളും വരുമ്പോൾ ആദ്യം ചെയ്യേണ്ടത് നമുക്കുള്ള വരുമാനമെന്താണ് ; അതിന്റെ സോഴ്സ് ഏതെല്ലാമാണ്; എത്ര പണം ഉണ്ടാകണം ; ബെനിഫിഷറീസിന്റെ എണ്ണം എത്രയാണ് ; അവർക്ക് കൊടുക്കേണ്ട തുക എത്രയാണ്, ശരാശരി ഒരു വർഷം ഇതിന്റെ കോർപ്പസിലേക്ക് വരുന്ന തുക എത്രയാണ്; ആ തുക കൃത്യമായി എല്ലാ വർഷവും വിതരണം നടത്തിക്കൊണ്ടുപോകാൻ കഴിയുമോ എന്നുള്ള arithmetic calculation-നാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. ഈ ക്ഷേമനിധി വന്ന 1981 മുതൽ പരിശോധിച്ചു കഴിഞ്ഞാൽ സാമാന്യമായി ചെയ്യേണ്ട arithmetic calculation ഇല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

മുൻകാല പ്രാബല്യത്തോടുകൂടി കോർപ്പസ് പരിശോധിക്കാതെയാണ് എന്നും ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത്. അഭിലാഷകർക്ക് 10 ലക്ഷം രൂപ കൊടുത്താലും അതിൽ സന്തോഷിക്കുന്ന ഒരാളാണ് ഞാൻ. 10 ലക്ഷം രൂപ കൊടുത്താലും അതൊരു നല്ല കാര്യമാണ്. പക്ഷേ അഞ്ച് ലക്ഷമോ പത്തു ലക്ഷമോ ഒക്കെ വയ്ക്കുമ്പോൾ അത് കൊടുക്കാൻ പറ്റുമോ ; എത്രയാളുകൾക്ക് ഇത് കൊടുക്കാൻ പറ്റും ? ഈ ക്ഷേമനിധി ബോർഡ് തന്നെ അവസാനം ഇല്ലാതാകുന്ന ദൗർഭാഗ്യകരമായ അവസ്ഥയിലേക്ക് കാര്യങ്ങൾ പോവുകയാണ്. ഈ ക്ഷേമനിധി നിലവിൽ വന്നത് 1981-ലാണ്. ഇത് നിലവിൽ വരുന്നതിനു മുൻപ് പ്രാക്ടീസ് കാലം കണക്കാക്കിയിരുന്നത് നാല് കൊല്ലത്തിന് ഒരു കൊല്ലമായാണ്. പിന്നീട് ഇത് 5-4-1981-ന് തുടങ്ങുമ്പോൾ തന്നെ മുൻകാല പ്രാബല്യം വരുത്തിയതുകൊണ്ടുണ്ടായ ബാദ്ധ്യതയാണ്. റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുത്തതോടുകൂടി, അന്നു തന്നെ 2,15,00,000 രൂപയുടെ ബാധ്യതയോടുകൂടിയാണ് ഈ ക്ഷേമനിധി ആരംഭിക്കുന്നത്. 1989-ൽ ആനുകൂല്യം പ്രതിവർഷം 1,000 രൂപയിൽനിന്നും 2,000 രൂപയായി വർദ്ധിപ്പിച്ചു. മുൻകാല പ്രാബല്യം വീണ്ടും നാല് വർഷത്തിന് ഒരു കൊല്ലമെന്നുള്ളത് നേരത്തെ ബഹുമാനപ്പെട്ട മെമ്പർ എം. എം. മോനായി സൂചിപ്പിച്ചതുപോലെ രണ്ട് കൊല്ലത്തിന് ഒരു കൊല്ലം എന്നാക്കി. അപ്പോൾ ബാദ്ധ്യത ഒന്നുകൂടി വർദ്ധിക്കുകയാണ്. നാല് കൊല്ലം എന്നുള്ളത് ഒരു കൊല്ലമായി കണക്കാക്കിയപ്പോൾ ഉണ്ടായ ബാദ്ധ്യതയുടെ ഇരട്ടി ബാദ്ധ്യത രണ്ടുകൊല്ലം എന്നുള്ളത് ഒരു കൊല്ലമായി കണക്കാക്കിയപ്പോൾ ഉണ്ടായി. പിന്നിട്ട വർഷത്തിൽ 3,125 രൂപയെന്നത് 9,375 രൂപ എന്നാക്കി വർദ്ധിപ്പിച്ചു. അപ്പോൾ മുൻകാല പ്രാബല്യം വച്ചതുകൊണ്ടുള്ള ബാദ്ധ്യത 40 കോടി രൂപയായി ഈ ക്ഷേമനിധി ബോർഡിൽ ഏകദേശം 20,000-ത്തോളം ആളുകളുണ്ട്. ഇപ്പോൾ 5 ലക്ഷം രൂപ വരെ പരമാവധിയാക്കി കാൽക്കുലേറ്റ് ചെയ്താൽ, മുപ്പതും മുപ്പത്തിയഞ്ചും വർഷത്തിനിടയിൽ പ്രാക്ടീസുള്ളവർക്ക് 5 ലക്ഷം രൂപ കിട്ടാനുള്ള അർഹത വരും. ഈ ബിൽ പ്രാബല്യത്തിൽ വന്നാലുടൻ തന്നെ അഞ്ചുലക്ഷം രൂപയ്ക്ക് അർഹതയുള്ള 1,150 ആളുകളുണ്ട്. അവർക്ക് അഞ്ചുലക്ഷം രൂപ വച്ച് ആപ്ലിക്കേഷൻ പ്രകാരം റിട്ടയർമെന്റ് വന്നാൽ ഇപ്പോൾ തന്നെ 59 കോടി രൂപ വേണം. ഇപ്പോൾ ക്ഷേമനിധിയുടെ കോർപ്പസിൽ ഉള്ളത് 7 കോടി 40 ലക്ഷം രൂപയാണ്. ഓർഡിനൻസിൽ ഇല്ലാതിരുന്ന റിട്രോസ്പെക്ടീവ് ഇഫക്ട് കൂടി ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുകയാണ്. 5 ലക്ഷം രൂപയ്ക്ക് താഴെ മൂന്നുലക്ഷം-നാല് ലക്ഷം രൂപയ്ക്ക് അർഹതയുള്ള എല്ലാവരും കൂടി ചോദിച്ചുകഴിഞ്ഞാൽ 70 കോടി രൂപ വേണ്ടിവരും. ആകെയുള്ള ഫണ്ട് 7 കോടി 40 ലക്ഷം രൂപ എന്നു പറയുമ്പോൾ 5 ലക്ഷം രൂപ വച്ച് 150 പേർക്ക് മാത്രം കൊടുക്കാനുള്ള കോർപ്പസ് ഫണ്ട് മാത്രമേ ഇതിനകത്ത് ഉള്ളൂ എന്നുള്ള കാര്യംകൂടി മനസ്സിലാക്കണം.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഈ ക്ഷേമനിധി ആരംഭിച്ച ശേഷം ഇന്നു വരെ എത്രപേർ ആനുകൂല്യം വാങ്ങി പോയിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ ?

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഇതിന് വലിയ ബാധ്യത വരുന്നുണ്ട്. റിട്രോസ്പെക്ടീവ് ഇഫക്ട് ഇല്ലാതിരുന്നതുകൊണ്ട് ഈ ഓർഡിനൻസ് പാസ്സാക്കിയശേഷം കുറഞ്ഞു. 54 പേർ കഴിഞ്ഞ വർഷം റിട്ടയർ ചെയ്തല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

വലിയ പെയ്മെന്റാണ് ഉണ്ടായത്. റിട്രോസ്പെക്ടീവ് ഇഫക്ട് കിട്ടാൻവേണ്ടി വീണ്ടും ആളുകൾ വെയ്റ്റ് ചെയ്തിരിക്കുകയാണ്. അതായത് മുന്നുലക്ഷം എന്നുള്ളത് അഞ്ച് ലക്ഷം രൂപയാക്കും എന്നുള്ളതിന് വെയ്റ്റ് ചെയ്തിരിക്കുകയാണ്. അപ്പോൾ ആയിരത്തിലധികം ആളുകൾ ആപ്ലിക്കേഷൻ കൊടുക്കുന്ന ഒരു സാഹചര്യത്തിലേക്ക് വരും. അതാണ് പ്രശ്നം.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, അങ്ങ് പറഞ്ഞ കണക്കനുസരിച്ച് സാധാരണഗതിയിൽ അഭിഭാഷകരിൽ നല്ല പ്രാക്ടീസുള്ളവർ ഒരിക്കലും റിട്ടയർമെന്റിന് ആഗ്രഹിക്കില്ല, അവർ അപേക്ഷിക്കുകയുമില്ല. പ്രാക്ടീസ് നന്നായി കൊണ്ടു പോകാത്ത ചുരുക്കം ചിലരും ഒരു ഗതിയുമില്ലാത്ത ചിലരും മാത്രമാണ് സാധാരണഗതിയിൽ റിട്ടയർമെന്റിനുവേണ്ടി ഓപ്റ്റ് ചെയ്യുന്നത് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതുപോലെ ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഒട്ടേറെ കാര്യങ്ങൾ വരുത്താവുന്നതല്ലേ ? അതിനെ സംബന്ധിച്ച് അങ്ങേക്ക് എന്താണ് പറയാനുള്ളത്?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ഒരു കണക്ക് പറഞ്ഞതാണ്. എത്രപേർ റിട്ടയർ ചോദിക്കുമെന്നൊന്നും പറയുന്നില്ല. ബിൽ പ്രാബല്യത്തിൽ വന്നാലുടൻ റിട്ടയർ ചെയ്യാനായി കാത്തിരിക്കുന്ന ഒരു നല്ല നമ്പർ ആളുകളുണ്ട്. നിരവധി ബാർ അസോസ്സിയേഷനുകളിൽനിന്നും ബാർ കൗൺസിലുകളിൽനിന്നുമുള്ള റിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്. അപ്പോൾ ഒരു നല്ല നമ്പർ ആളുകൾ റിട്ടയർ ചെയ്യും. 150 പേർക്ക് 5 ലക്ഷം രൂപ വച്ച് കൊടുക്കാനുള്ള പണം മാത്രമേ നമ്മുടെ കയ്യിലുള്ളൂ. നമ്മുടെ വരുമാന സ്രോതസ്സ് എന്നു പറയുന്നത് അഡ്മിഷൻ ഫീയാണ്. അത് ഗൗരവതരമായി ആലോചിക്കണം. ആന്ധ്ര, കർണ്ണാടക സർക്കാരുകൾ ഓരോ കോടി രൂപ വീതം കൊടുക്കുന്നുണ്ട്. ശ്രീ. അൽഫോൺസ് കണ്ണന്താനം പറഞ്ഞതുപോലെ പാവപ്പെട്ട തൊഴിലാളികളുടെ ക്ഷേമനിധികളിലേക്കൊന്നും സർക്കാർ കൊടുക്കുന്നില്ല. പിന്നെ ഈ അഭിഭാഷക ക്ഷേമനിധിയിലേക്ക് സർക്കാർ എങ്ങനെയാണ് കോൺട്രിബ്യൂഷൻ കൊടുക്കുന്നത് എന്നുള്ള ഒരു ക്വസ്റ്റ്യൻ വരും. പക്ഷേ ഇതിൽ ഒരു കാര്യമുണ്ട്. ഏറ്റവും കൂടുതൽ കേസ്സുകളും, അഫിഡവിറ്റുകളും, അപ്പീലുകളും ഫയൽ ചെയ്യുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ കക്ഷി എന്നു പറയുന്നത് സംസ്ഥാന സർക്കാരാണ്. ഇപ്പോൾ ഗവൺമെന്റ് പ്ലീഡർമാർ കൊടുക്കുന്നതിലൊന്നും അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് പതിക്കേണ്ട എന്ന് ഈ ബില്ലിലും ഉണ്ട്. ഏറ്റവും അവസാനത്തെ ക്ലാസ്സിൽ പ്രൊവൈസോ ആയി സർക്കാരിനുവേണ്ടി സമർപ്പിക്കുന്നതിൽ അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് പതിക്കേണ്ട എന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് അടയ്ക്കുന്ന വലിയ തുകയിൽനിന്ന് സർക്കാർ ഒഴിവാകുകയാണ്. ആ ഒഴിവായി കിട്ടുന്ന തുകയുടെ ചെറിയ ഒരു ശതമാനം സർക്കാർ കോൺട്രിബ്യൂഷനായി ഈ ക്ഷേമനിധിയിലേയ്ക്ക് വേണം എന്നുള്ളതിന്റെ റീസണിംഗ് അതാണ്. ആ ഒഴിവായി കിട്ടുന്ന തുകയുടെ ചെറിയ ഒരു ശതമാനം ഇതിന്റെ കോർപ്പസിലേക്ക് കോൺട്രിബ്യൂട്ട് ചെയ്യണം എന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മോനായി : സർ, അഞ്ച് പറഞ്ഞ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. കഴിഞ്ഞ തവണയും ഇങ്ങനെയൊരു ചർച്ച ഉയർന്നുവന്നു. കാരണം, ഒരു വ്യവഹാരത്തിനുവേണ്ടി കോടതി ഫീസായി സലയുടെ 10 ശതമാനം അടയ്ക്കണം. അപ്പോൾ ഒരു ലക്ഷം രൂപയ്ക്ക് എതാണ്ട് 10,000 രൂപ കോടതി ഫീസ് അടയ്ക്കുന്നുണ്ട്. ആ കോടതി ഫീസ് സർക്കാരിലേക്ക് തന്നെയാണ് കിട്ടുന്നത്. അതിന്റെ ഒരു നിശ്ചിത ശതമാനം ഇതിലേക്ക് മാറ്റണം എന്നുള്ള അഭിപ്രായത്തോട് അങ്ങേയ്ക്ക് എതാണ് പറയാനുള്ളത്?

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ പറഞ്ഞത് ഇതേ പോയിന്റ് തന്നെയാണ്. ഗവൺമെന്റ് പ്ലീഡർമാർ അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് അടയ്ക്കാതെ മാറി നിൽക്കുന്നു. അതുവഴി വൻ തുക സർക്കാരിന് സേവ് ചെയ്യാൻ പറ്റുന്നുണ്ട്. അതിന്റെ ഒരു ചെറിയ ശതമാനം എത്രയാണെന്ന് ഗവൺമെന്റ് ഫിക്സ് ചെയ്ത് ഇതിലേക്ക് കോൺട്രിബ്യൂട്ട് ചെയ്യണം. ഇപ്പോഴുള്ള വരുമാനം അഡ്മിഷൻ ഫീ, സ്റ്റാമ്പ് കച്ചവടത്തിൽ നിന്നുണ്ടാകുന്നത്, ആന്യുവൽ മെമ്പർഷിപ്പ് ഫീ, ബാർ കൗൺസിൽ എൻറോൾമെന്റ് ഫീയുടെ 20 ശതമാനം, ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ 0.5 ശതമാനം. സ്വൂട്ട് വാലുവേഷൻ ആക്ടിന്റെ സെക്ഷൻ 76 അനുസരിച്ചുള്ള കോൺട്രിബ്യൂഷൻ 0.5 ശതമാനം അല്ലാതെയുള്ള യാതൊരുവിധ വരുമാനവും ഇതിനകത്തില്ല. ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നാണ് ഒരു ചെറിയ ശതമാനം പണം നമുക്ക് ഇതിനകത്ത് കോൺട്രിബ്യൂഷൻ കിട്ടുന്നത്. ഇപ്പോൾ ശരിക്കു പറഞ്ഞാൽ ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ സ്റ്റാമ്പുണ്ട്. ആ സ്റ്റാമ്പും ഒരു എൻഡോഴ്സ്മെന്റും മാത്രമേ ഈ കാര്യത്തിന് വേണ്ടി ഉപയോഗിക്കുന്നുള്ളൂ. എത്ര രൂപയാണ് അതിനുവേണ്ടി കളക്ട് ചെയ്യപ്പെടുന്നത് എന്ന് അറിയാനുള്ള യാതൊരു മാർഗ്ഗവുമില്ല. അതുകൊണ്ട് അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ടിലേക്കും അതുപോലെ അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ടിലേയ്ക്കും സെപ്പറേറ്റ് സ്റ്റാമ്പ് കൊടുക്കുന്നതുപോലെ ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെയും ഒരു സെപ്പറേറ്റ് സ്റ്റാമ്പ് ആക്കിയാൽ മതി. ഗവൺമെന്റിന് യാതൊരു ലയബിലിറ്റിയും ഉണ്ടാകുന്നില്ല. ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നും യഥാർത്ഥത്തിൽ ലഭിക്കേണ്ട തുക മുഴുവനായി കിട്ടാനുള്ള സാഹചര്യം ഇപ്പോൾ നിലവിലില്ല. അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പിന്റെയും അഭിഭാഷക ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെയും പോലെ ഒരു സെപ്പറേറ്റ് സ്റ്റാമ്പ് ലീഗൽ ബെനിഫിറ്റ് ഫണ്ടിനു വേണ്ടിയെടുത്താൽ ആ വിധത്തിൽ എത്ര തുകയാണ് വരുന്നത് എന്നുള്ളതിന് യാതൊരു കണക്കും ഇപ്പോഴില്ല. ഇത് എങ്ങനെയാണ് കിട്ടുന്നത് എന്ന് അറിയാനുള്ള യാതൊരു മാർഗ്ഗവുമില്ല

അതിന് ഗവൺമെന്റിന് യാതൊരു ബുദ്ധിമുട്ടുമില്ല. ലീഗൽ ബെനിഫിറ്റ് ഫണ്ട് റൂളിലെ റൂൾ 11 (1) അമെന്റ് ചെയ്തു കഴിഞ്ഞാൽ അത് ഏറ്റവും നല്ല ഒരു വരുമാനമാർഗ്ഗമായി മാറും. രണ്ടാമത്തെ കാര്യം എന്നു പറയുന്നത് അഡീഷണൽ കോർട്ട് ഫീയായിട്ട് ഒരു തുക ഈ പർപ്പസിന് വരുന്നുണ്ട്. 2002-ൽ നമ്മൾ ഒരു ഗസറ്റ് നോട്ടിഫിക്കേഷൻ ഇറക്കിയപ്പോഴാണ് ഈ അഡീഷണൽ കോർട്ട് ഫീ വന്നത്. ആ ഗസറ്റ് നോട്ടിഫിക്കേഷൻ ഇറക്കി

കഴിഞ്ഞപ്പോൾ Special or Local Law ഇതിലൂടെ സ്ഥാപിതമായ കോടതികളിൽ നിന്ന് മാത്രമേ അഡീഷണൽ കോർട്ട് ഫീ കിട്ടുകയുള്ളുവെന്നുള്ള ഒരു ഗസറ്റ് നോട്ടിഫിക്കേഷൻ വന്നു. അതായത് കോടതികളല്ലാത്ത എന്നാൽ കോടതികൾക്ക് സമാനമായ സ്ഥാപനങ്ങളായ ട്രൈബ്യൂണൽസിലും അപ്പലേറ്റ് അതോറിറ്റീസിൽ നിന്നും മാത്രമേ അഡീഷണൽ കോർട്ട് ഫീ കിട്ടുന്നുള്ളു. അതിനകത്ത് ഒരു പോയിന്റ് എഴുതിവച്ചിരുന്നത്, other than Civil and Criminal Courts എന്നാണ്. അപ്പോൾ കേരളത്തിൽ ഏറ്റവും കൂടുതൽ സിവിൽ ആന്റ് ക്രിമിനൽ കോടതികളാണുള്ളത്. ഈ കോടതികളിലാണ് ഏറ്റവും കൂടുതൽ കേസുകൾ ഫയൽ ചെയ്യപ്പെടുന്നത്. സിവിൽ കോടതികളിലും ക്രിമിനൽ കോടതികളിലും കേസ് ഫയൽ ചെയ്യപ്പെടുന്ന സ്ഥാപനങ്ങളിൽനിന്ന് അഡീഷണൽ കോർട്ട് ഫീ കിട്ടുന്നില്ല. അതുകൊണ്ട് കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യുവേഷൻ ആക്ടിലെ സെക്ഷൻ 76 (1) അമെന്റ് ചെയ്ത് other than Civil and Criminal Courts എന്നുള്ള സെന്റൻസ് ഡിലീറ്റ് ചെയ്താൽ സിവിൽ കോടതികളിൽ നിന്നും ക്രിമിനൽ കോടതികളിൽ നിന്നും ഫയൽ ചെയ്യുന്ന കേസുകളിലെ അഡീഷണൽ കോർട്ട് ഫീ കൂടി കിട്ടും. ഇപ്പോൾ ട്രൈബ്യൂണലുകളിലേയും അപ്പലേറ്റ് അതോറിറ്റികളിലേയും ഫീ മാത്രമേ കിട്ടുന്നുള്ളു. അതൊരു നല്ല വരുമാന മാർഗ്ഗമായി മാറും. ഗവൺമെന്റിന് യാതൊരു സാമ്പത്തിക ബാധ്യതയും ഇല്ലാതെ റൂളിലും ആക്ടിലും ഭേദഗതികൾ വരുത്തിയാൽ മാത്രം നല്ല ഒരു തുക നമ്മുടെ കോർപ്പസിലേക്ക് വരുന്ന സാഹചര്യമുണ്ടാകും. ഒരോ വർഷത്തേക്കും 9375 രൂപ എന്നുള്ളത് ഇപ്പോൾ മാറ്റി പതിനാലായിരത്തി പില്ലാനം രൂപയായി കണക്കാക്കിയിരിക്കുകയാണ്. ഇത് സ്വാഗതാർഹമായ ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. എം. മോനായി പറഞ്ഞതിൽ നിന്ന് വ്യത്യസ്തമായിട്ടാണ് ഞാൻ പറയുന്നത്. പത്ത് വർഷം പ്രാക്ടീസ് ചെയ്ത ഒരാൾ പോകുമ്പോൾ അവർ ആകെ അടയ്ക്കുന്ന ഫണ്ട് എന്നു പറയുന്നത് 3600 രൂപയാണ്. 93,750 രൂപയാണ് അയാൾ കൊണ്ടു പോകുന്നത്. ഇപ്പോഴത്തെ കണക്ക് അനുസരിച്ചാണെങ്കിൽ 1,41,000 രൂപ അയാൾക്ക് കൊടുക്കണം. അത് നിർത്തിയത് നന്നായി. ഇടയ്ക്ക് വച്ച് ഈ ജോലി നിറുത്തി വേറെ ജോലി കിട്ടി പോകുന്ന ആളുകൾക്ക് വൻതുക കൊടുക്കേണ്ട ഒരു ബാധ്യതയിൽ നിന്ന് അഭിഭാഷക ക്ഷേമനിധിയെ ശരിക്ക് മോചിപ്പിച്ചിരിക്കുകയാണ്. ഞാൻ അതിനെ വ്യക്തിപരമായി സ്വാഗതം ചെയ്യുന്നു. കാരണം അങ്ങനെ പ്രാക്ടീസ് നിർത്തി പോകുന്നത് വേറെ ജോലികിട്ടി പോകുന്ന ആളുകളാണ്. മൂന്ന് പതിറ്റാണ്ടുകളും നാല് പതിറ്റാണ്ടുകളും പ്രാക്ടീസ് ചെയ്താലും ജീവിത പ്രാരാബ്ധങ്ങൾ മാത്രം ബാക്കിയുള്ളവരുണ്ട്. ഇവിടെ പറഞ്ഞതു പോലെ ഏത് പ്രൊഫഷൻ എടുത്താലും എല്ലാവർക്കും ഒരുപോലെ വരുമാനം ഉണ്ടാകുകയില്ല. ഒരു അപ്പിയറൻസിനുവേണ്ടി ഒരു ദിവസം 50 ലക്ഷം രൂപയും ഒരു കോടി രൂപയും ഫീസ് വാങ്ങിക്കുന്ന അഭിഭാഷകർ ഇന്ത്യയിലുണ്ട്. ഇവിടെ വന്ന് വിവാദത്തിലൊക്കെയായിപോയ പല സീനിയർ അഭിഭാഷകരുമുണ്ട്. സുപ്രീംകോടതിയിൽ പോയിക്കഴിഞ്ഞാൽ ഒരു കോടി രൂപ ഒരു അപ്പിയറൻസിന് വാങ്ങിക്കുന്ന സീനിയർ അഭിഭാഷകരുള്ള ഒരു രാജ്യമാണ് ഇന്ത്യ. ഡൽഹിവിട്ട് വരുന്ന സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകർ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കോടി രൂപവരെ ഒരു അപ്പിയറൻസിന് വാങ്ങിക്കുന്നുണ്ട്. ഒരു കോടി രൂപ ഫീസ് കൊടുക്കാമെന്ന് പറഞ്ഞ് വക്കീലിനെ കൊണ്ടുവരാൻ ചെന്ന് ചോദിച്ചാൽ വക്കീൽ വരണമെങ്കിൽ വേറെ ആരെയെങ്കിലുംകൊണ്ട് ശിപാർശകൂടി ചെയ്യിക്കേണ്ടി വരും. 50 ലക്ഷം രൂപ വാങ്ങിക്കുന്നവരുണ്ട്. ഒരു മണിക്കൂർ കൺസൾട്ടേഷന് നമ്മൾ പോയിക്കഴിഞ്ഞാൽ 5 ലക്ഷം രൂപയുടെ ബില്ല് എഴുതി തരുന്ന അഭിഭാഷകരുള്ള രാജ്യമാണ് നമ്മുടെ ഇന്ത്യ. നമ്മുടെ ഹൈക്കോടതിയിൽ തന്നെ നല്ല ഫീസ് ചോദിക്കുന്ന ആളുകളുമുണ്ട്. പ്രാക്ടീസ് കാര്യമായി ഇല്ലാത്ത, അക്കാഡമിക്കായി ബ്രില്ല്യന്റല്ലാത്തതും എന്നാൽ എൽ.എൽ.ബി.-ക്കും എൽ.എൽ.എം.നുമൊക്കെ നല്ല റാങ്കും നല്ല മാർക്കും ഉള്ള ഒരു അഭിഭാഷകനെ ലോകം നന്നായിട്ട് അറിയും. പക്ഷേ അവർക്ക് കോടതിയിൽ പോയി നന്നായി പ്രസന്റ് ചെയ്യാൻ പറ്റാത്തതുകൊണ്ടായിരിക്കാം അല്ലെങ്കിൽ ചിലപ്പോൾ client dealings-ന്റെ കാര്യത്തിൽ പരാജയമായതുകൊണ്ടായിരിക്കാം, അല്ലെങ്കിൽ കേസ് നടത്തിയാൽ ഫീസ് വാങ്ങാൻ അറിയാൻ പാടില്ലാത്തതുകൊണ്ടായിരിക്കാം ഗുമസ്തൻ മോശമായതുകൊണ്ടാവാം. അങ്ങനെ പല കാരണങ്ങളാൽ സാമ്പത്തികഭദ്രതയില്ലാത്ത അഭിഭാഷകരുമുണ്ട്. ഇതൊക്കെ എല്ലാ പ്രൊഫഷണിലും ഉള്ളതാണ്. ഇവിടെ ഡോക്ടർമാരുടെയിടയിലും എല്ലാ ഡോക്ടർമാരും ഒരുപോലെ വരുമാനമുള്ളവരല്ല. ഒരു സർജറി നടത്തിയാൽ വലിയ തുക ഫീസ് വാങ്ങിക്കുന്ന ഡോക്ടർമാരുമുണ്ട്. എന്നാൽ നാട്ടുമ്പുറത്ത് ഒരു ഡിസ്പെൻസറിയൊക്കെ ഓപ്പൺ ചെയ്ത് തട്ടിമുട്ടി പോകുന്ന ഡോക്ടർമാരുണ്ട്. നമ്മുടെ നാട്ടിലുള്ള എഞ്ചിനീയർമാർക്ക് എല്ലാവർക്കും വരുമാനമുണ്ടോ, എഡ്യൂക്കേറ്റഡായി എന്നതുകൊണ്ട് വളരെ വലിയ വിദ്യാഭ്യാസം ലഭിച്ചുവെന്നതുകൊണ്ട് മാത്രം എല്ലാവർക്കും വരുമാനം ഉണ്ടാകണമെന്നില്ല. മൂന്നും നാലും പതിറ്റാണ്ടുകൾ പ്രാക്ടീസ് ചെയ്ത് കോടതിയിൽ പോകാൻ പറ്റാത്ത സാഹചര്യങ്ങൾ കൊണ്ടോ അല്ലെങ്കിൽ കേസ്സുകളുടെ എണ്ണം കുറഞ്ഞതുകൊണ്ടോ ശാരീരികമായ അസ്വസ്ഥതകൾ ഉള്ളതുകൊണ്ടോ ഒരാൾ പോകുമ്പോൾ കൊടുക്കുന്ന ഒരു തുകയാണ് യഥാർത്ഥത്തിൽ ഇതിന്റെ ഒരു വെൽഫെയർ മെഷർ. ആ ഒരു ഡൈമെൻഷൻ ഇതിനകത്തുണ്ട്. അതിനെ നമ്മൾ പൊതുവൽക്കരിച്ചുകൊണ്ട് എല്ലാവരും വിദ്യാസമ്പന്നരായതുകൊണ്ട് അവർക്ക് സാമ്പത്തിക ആവശ്യമൊന്നും ഇല്ല എന്നുള്ള ഒരു അസെസ്സ്മെന്റ് നമ്മൾ നടത്തുന്നത് ശരിയല്ല. ഒരുപാട് ആളുകൾക്കും പണം വേണ്ടിവരും. അല്ലെങ്കിൽ ഞെക്കിപിഴിഞ്ഞ് ഫീസ് വാങ്ങിക്കാത്ത ആളുകളുണ്ട്. മര്യാദയായിട്ട് ഫീസ് വാങ്ങുന്നവരും പൊതുതാല്പര്യമുള്ള കേസ്സൊക്കെ വരുമ്പോൾ സൗജന്യമായി കേസ് നടത്തുന്ന ആളുകളുണ്ട്. പാവങ്ങളെ സഹായിക്കുന്ന ആളുകളുണ്ട്. പാർട്ടി കേസ് നടത്തി അഞ്ച് പൈസ ഫീസ് കിട്ടാത്ത ആളുകളുണ്ട്. എല്ലാ പ്രൊഫഷനിലും ഉള്ളതുപോലെയുള്ള വ്യത്യസ്തരായ ആളുകൾ ഈ പ്രൊഫഷനിലും ഉണ്ട്. ഒരു വെൽഫെയർ ഫണ്ട് ഉണ്ടാക്കി ഒരു പെൻഷൻ പദ്ധതി നടപ്പാക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. ഇപ്പോൾ പെൻഷനില്ല. കോൺട്രിബ്യൂട്ടറി പെൻഷൻ സിസ്റ്റം നമ്മുടെ നാട്ടിൽ വന്നുകൊണ്ടിരിക്കുകയാണ്. വരുമാനം ഇല്ലാതാകുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് പെൻഷനാകുമ്പോഴെ

LIBRARY ARCHIVES Kerala Legislative Assembly

അറിയാൻ പറ്റുകയുള്ളു. റിട്ടയർമെന്റായി വീട്ടിൽ ഇരിക്കുമ്പോൾ നമുക്ക് സ്വന്തമായി ഒരു വരുമാനമില്ലെങ്കിൽ, എല്ലാവർക്കും ചിലപ്പോൾ സേവിംഗ് മെന്റാലിറ്റി ഉണ്ടാകണമെന്നില്ല. എല്ലാവരും കിട്ടിയ പൈസ ബാങ്കിലിട്ട് ഇരിക്കുകയുമില്ല. അപ്പോൾ ഒരു കോൺട്രിബ്യൂട്ടറി പെൻഷനിലൂടെ റിട്ടയർമെന്റ് കഴിഞ്ഞ ഒരാൾക്ക് ആനുകൂല്യം കിട്ടുന്നതുപോലെ കോടതിയിൽ പോകാൻ കഴിയാത്ത ഒരു സാഹചര്യത്തിൽ, പ്രായാധിക്യംകൊണ്ടും ശാരീരികമായ അവശതയുള്ള ഒരാൾക്ക് ഒരു വരുമാനം ഉണ്ടാകുന്നതിന് എന്താണ് കുഴപ്പം. അല്ലെങ്കിൽ ഒരു തുക ബാങ്കിൽ കൊണ്ടുപോയി ഇട്ട് അതിൽ നിന്ന് കിട്ടുന്ന പലിശ കൊണ്ടോ അല്ലെങ്കിൽ വേറെ എന്തെങ്കിലും പൊതുവായ ആവശ്യം കൊണ്ടോ എന്തെങ്കിലും കാര്യം നടത്തി പോകുന്നതിനെ നമുക്ക് തെറ്റായി പറയാൻ കഴിയുകയില്ല. പരക്ഷ ഇടയ്ക്ക് വന്ന് പത്ത് കൊല്ലം പ്രാക്ടീസ് ചെയ്യുകയും 3600 രൂപ കോൺട്രിബ്യൂഷൻ കൊടുക്കുകയും പോകാൻ നേരത്ത് 1,40,000 രൂപ വാങ്ങിച്ചു കൊണ്ടുപോകുകയും ചെയ്യുന്നത് തടയാനുള്ള ഒരു സാഹചര്യം ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. അത് തീർച്ചയായും സ്വാഗതാർഹമായ ഒരു കാര്യമാണ്. ഇത്രയും പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ് ഇക്കാര്യത്തിൽ എനിക്ക് അവതരിപ്പിക്കാനുള്ളത്.

നമുക്ക് ഇതിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള സാഹചര്യങ്ങൾ കൂടി ഗവൺമെന്റ് ഒരുക്കിക്കൊടുക്കണം. മൂന്ന് മാർഗ്ഗങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഞാൻ അത് ഒറ്റ സെന്റൻസിൽ ആവർത്തിക്കുന്നു. കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യുവേഷൻ ആക്ടിന്റെ സെക്ഷൻ 76 അമെന്റ് ചെയ്ത് സിവിൽ ക്രിമിനൽ കോടതികളിൽ നിന്നും അഡീഷണൽ കോർട്ട് ഫീ വാങ്ങിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. രണ്ട്, ലീഗൽ ബെനിഫിറ്റ് ഫണ്ട് റൂൾ 11 അമെന്റ് ചെയ്ത് ഒരു പ്രാത്യേക സ്റ്റാമ്പ് പുറപ്പെടുവിച്ചാൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന വരുമാനത്തിന്റെ 25 ഇരട്ടി വരുമാനം ഈ കോർപ്പസ്സിലേക്ക് വരും. മൂന്നാമതായി പറഞ്ഞിരിക്കുന്നത് സർക്കാർ ഒരു കക്ഷിയെന്നുള്ള നിലയിൽ അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പിലേക്ക് പൈസ അടയ്ക്കാതെ ഒരു വർഷം സേവ് ചെയ്ത് കിട്ടുന്ന കോടിക്കണക്കിന് രൂപയിൽ നിന്ന് certain percentage may be 5% or 10%, എന്ന് ഒരു നിശ്ചിത ശതമാനം വിഹിതം കൂടി ഈ കോർപ്പസിലേക്ക് കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചാൽ arithmatic calculations കറക്ടാവും. റിട്ടയർ ചെയ്യുന്ന ആളുകൾക്ക് കൃത്യമായി പണം കൊടുക്കാനുണ്ടാകുന്ന ഒരു നല്ല വെൽഫെയറായിട്ട് ഇത് മാറും. തീർച്ചയായും 10-12 പ്രാവശ്യം ഓർഡിനൻസെല്ലാം കൊണ്ടുവന്നു. അവസാനം ഇത് ബില്ലാക്കാൻ തയ്യാറായത് സ്വഗതാർഹമാണ് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ അമെന്റ്മെന്റ് മൂവ് ചെയ്യുന്നു.

(അദ്ധ്യക്ഷ വേദിയിൽ മിസ്ഹീക്കർ)

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, കുറച്ചു സമയം കൊണ്ടാണെങ്കിലും നല്ല നിലയിലുള്ള ഒരു ഡിസ്കഷൻ ഈ ബില്ലിന്റെ ഭാഗമായി നടന്നു. അതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അഭിഭാഷകർ സമൂഹത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വഹിക്കുന്ന പങ്ക് അല്ലെങ്കിൽ നൽകുന്ന സേവനം വളരെ വിലപ്പെട്ടതാണെന്ന് ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. ഈ ക്ഷേമനിധി കൊണ്ടുവരുന്നത് അഭിഭാഷകരായ ഏതെങ്കിലും ചില വ്യക്തികളെ കണ്ടുകൊണ്ടല്ല, അഭിഭാഷക സമൂഹത്തെ ആകെ കണ്ടുകൊണ്ടുള്ള ഒരു ക്ഷേമനിധിയാണ്. ഈ കാലഘട്ടത്തിന് അനുയോജ്യമായ തരത്തിൽ അതിന് എന്തൊക്കെ ഭേദഗതികളാണ് കൊണ്ടുവരാൻ സാധിക്കുക, അഭിഭാഷകരെ സംബന്ധിച്ചും ഇവിടെ ചർച്ചകൾ വന്നു. കാരണം നമ്മുടെ രാജ്യത്ത് ജനാധിപത്യ സംവിധാനത്തിൽ ഇവിടെ ഭരണം നിർവ്വഹിക്കുന്നത് ഭരണകൂടങ്ങളോ ഭരണകർത്താക്കളോ അല്ല. ഇവിടെ ഭരിക്കുന്നത് നിയമങ്ങളാണ്. അതുകൊണ്ട് നമ്മൾ ഭരണത്തെ Rule of Law എന്നാണ് പറയുന്നത്. ആ Rule of Law-യിൽ നിയമസഭാ സാമാജികർക്കുള്ളതു പോലെ തുല്യമായ ഒരു വ്യാഖ്യാനവും നീതി നിർവ്വഹണവും, അഭിഭാഷകർക്കും ഉണ്ട്. ആ രൂപത്തിൽ ഇതിന്റെ പ്രാധാന്യം നാം കാണുന്നുണ്ട്. ഈ പറഞ്ഞതുപോലെ ഒരു ക്ഷേമനിധി എന്ന നിലയിൽ അഭിഭാഷക സമൂഹത്തെയാകെ കണ്ടുകൊണ്ട് പ്രാക്ടീസ് തുടങ്ങി ഒരു നിമിഷം മുന്നോട്ടു പോകുവാൻ വയ്യാത്ത അവസ്ഥയിൽ പ്രയാസങ്ങൾ അനുഭവിക്കുന്നവരുണ്ട്. അവർക്ക് എന്തെങ്കിലും ഒരു ആനുകൂല്യം കൊടുക്കണമെന്നൊക്കെ കഴിഞ്ഞ പ്രാവശ്യം ചർച്ചയിൽ വന്നതാണ്. അതിന്റെ പശ്ചാത്തലത്തിൽ ഈ കാര്യങ്ങൾ കാണേണ്ടതുണ്ട്. ഇവിടെ ഭേദഗതികൾ അവതരിപ്പിച്ച് ശ്രീ. എം. എം. മോനായിയും ശ്രീ. വി. ഡി. സതീശനും അനുഭവ സമ്പന്നരാണ്. അവർ ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ ഇവിടെ വച്ചിട്ടുണ്ട്. ശ്രീ. മോനായി പൊതുവേ ഇതിനെ സ്വാഗതം ചെയ്തു, എന്നിട്ട് അദ്ദേഹം രണ്ട് നിർദ്ദേശങ്ങൾ വച്ചു. അതിൽ ഒന്ന് ഇതിന്റെ ഷെഡ്യൂളിലെ ബെനിഫിറ്റ് നിലനിറുത്തണമെന്നാണ്. അടുത്തത് ഫണ്ടിന്റെ പ്രശ്നം തന്നെയാണ്. ഫണ്ട് ഇതിനുതന്നെ അപര്യാപ്തമായിട്ടുള്ള ഒന്നാണ്. ഒരു ക്രൈസിസ് ആണെന്ന് ഞാൻ പറയുന്നില്ല. ഇത് ഇംപ്ലിമെന്റ് ചെയ്യാൻ വളരെയേറെ പ്രയാസങ്ങളുണ്ട്. തലപുകഞ്ഞ് ആലോചിക്കേണ്ട കാര്യങ്ങളാണ്. ആ പശ്ചാത്തലത്തിലാണ് ഈ മാറ്റങ്ങൾ വരുത്തിയത്. ഇല്ലെങ്കിൽ അങ്ങ് പറഞ്ഞതിനോട് എനിക്കും യോജിപ്പാണ്. എൻറോൾ ചെയ്ത് പ്രാക്ടീസ് ആരംഭിച്ചാൽ അഞ്ച് വർഷം, പത്തു വർഷം, പതിനഞ്ചു വർഷം കൊണ്ട് മതിയാക്കി പോകുന്നത് ആരാണ്; ശ്രീമതി പി. അയിഷാ പോറ്റി പറഞ്ഞ കാര്യത്തോട് എനിക്ക് യോജിപ്പാണ്. നല്ല പ്രാക്ടീസ് ഉള്ള അഭിഭാഷകൻ ഒരിക്കലും റിട്ടയർ ചെയ്യുന്നില്ല. രോഗം വന്നോ അല്ലെങ്കിൽ അവശത കൊണ്ടോ പ്രശ്നങ്ങളുണ്ടാവാം. അത് മനസ്സിലാകും. അല്ലാതെ റിട്ടയർ ചെയ്യുകയില്ല. സാമൂഹ്യമായ കമ്പൽഷൻ ഉണ്ട്. അവശതകളുണ്ട്. അതൊക്കെ നമ്മൾ മീറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ഇതെല്ലാം വച്ചുകൊണ്ട് വളരെ പ്രായോഗികമായിട്ടുള്ള കാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യപ്പെട്ടത്. അങ്ങ് വച്ച നിർദ്ദേശങ്ങളിൽ ഷെഡ്യൂളിന്റെ കാര്യമൊന്നും ഞാൻ പറയുന്നില്ല. പക്ഷേ രണ്ടാമത്തെ നിർദ്ദേശം സ്വാഗതാർഹമാണ്. രണ്ടാമത് ഡിപ്പെന്റൻസിനുള്ള ഇൻഷുറൻസിന്റെ പ്രൊട്ടക്ഷൻ, അത് കളയരുതെന്ന് പറഞ്ഞത് നമുക്ക് ഒരു ഭേദഗതിയായി കൊണ്ടുവരാം. ഒന്നുമല്ലെങ്കിൽ ഒഫീഷ്യൽ ഭേദഗതിയായി അത് കൊണ്ടുവരാം. ആ രൂപത്തിൽ നമുക്ക് തീർച്ചയായും ആ കാര്യം കാണാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ ആണെങ്കിൽ വളരെ ഡീപ്പായി ഈ കാര്യങ്ങളെ കണ്ടു. അദ്ദേഹം വളരെ ക്രിയേറ്റീവായിട്ടാണ് കാര്യങ്ങളെ കണ്ടത്. ഇപ്പോൾ നമുക്ക് പരിമിതിയുണ്ട്. ബിൽ പാസ്സാക്കിയെടുക്കുക എന്നുള്ളത് മാത്രമേയുള്ളൂ. പക്ഷേ മാവിയിൽ അങ്ങ് പറഞ്ഞ നിയമ ഭേദഗതി ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗൗരവത്തോടുകൂടി കാണേണ്ടതായിട്ടുണ്ട്. അഡീഷണൽ കോർട്ട് ഫീയുടെ കാര്യത്തിലൊക്കെ ചില പ്രായോഗിക പ്രശ്നങ്ങളുണ്ട്. അഡീഷണൽ കോർട്ട് ഫീയുണ്ട്, ലീഗൽ ബനിഫിറ്റ് ഫണ്ടുണ്ട്, ഗവൺമെന്റ് കോൺട്രിബ്യൂഷനുണ്ട്. ഇതുപോലെ പലതുമുണ്ട്. തീർച്ചയായും അത് ക്രിയേറ്റീവായ നിർദ്ദേശങ്ങളാണ്. തീർച്ചയായും ഇന്ന് അല്ലെങ്കിൽ നാളെ എടുക്കേണ്ടി വരും. ആ കാര്യത്തിൽ സംശയമില്ല. അല്ലെങ്കിൽ മുന്നോട്ടു പോകുവാൻ സാധിക്കുകയില്ല. ഇതൊക്കെ ചർച്ചയിൽ വന്നിട്ടുള്ള കാര്യമാണ്. അതു വച്ചുകൊണ്ട് നമുക്ക് ഈ വിഷയത്തിലേക്ക് കടക്കാം.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, അങ്ങ് നല്ല സജഷൻ പറഞ്ഞവരുടെ പേരുകളിൽ ശ്രീ. മോനായിയുടെയും ശ്രീ. വി. ഡി. സതീശന്റെയും പേരും പറഞ്ഞു. ഈ പാവപ്പെട്ട എന്റെ പേര് പറഞ്ഞില്ല. ദുഃഖമില്ല. ഈ വക്കീലന്മാർക്ക് അഞ്ച് ലക്ഷമല്ല, പത്തോ ഇരുപത്തിയഞ്ചോ ലക്ഷം കൊടുക്കണം. ഈ നക്കാപ്പിച്ച കൊടുക്കണ്ട, വലിയ തുകതന്നെ കൊടുക്കണം. ഞാൻ പറഞ്ഞു വരുന്നത്, കഴിഞ്ഞ ദിവസം ഒരു സജഷൻ പറഞ്ഞത്, ഈ വക്കീലന്മാർ രക്ഷപ്പെടണമെങ്കിൽ, എൻറോൾ ചെയ്യുമ്പോൾ അവർക്ക് ഒരു അഞ്ച് ലക്ഷമോ പത്ത് ലക്ഷമോ തുപ കൊടുത്ത് പ്രാക്ടീസ് ചെയ്യാൻ വേണ്ടിയുള്ള ഒരു ഓഫീസും കുറച്ച് പുസ്തകങ്ങൾ വാങ്ങാനുള്ള പൈസയും കൊടുക്കുകയാണെങ്കിൽ ഇവർക്കൊന്നും ഈ വെൽഫെയർ ഫണ്ടിന്റെ ആവശ്യം വരികയില്ല. അങ്ങനെ സർക്കാർ ഒന്ന് സഹായിക്കുമോ ?

ശ്രീ. എം. വിജയകുമാർ: സർ, അത് ഞാൻ പറഞ്ഞു കഴിഞ്ഞതല്ലേ. അത് പൊതു ചർച്ചയിൽ വന്ന ഒരു കാര്യമാണ്. ഇതിന്റെ ഭാഗമായി എടുക്കേണ്ടതല്ല. അത് പിന്നീട് എടുക്കേണ്ട ഒരു വിഷയം തന്നെയാണ്. അങ്ങ് പറഞ്ഞതിനോട് യോജിപ്പാണ്. അക്കാര്യത്തിൽ അങ്ങയുടെ നിർദ്ദേശവും സ്വാഗതാർഹമാണ്. അങ്ങയുടെ പേരും പറഞ്ഞിരിക്കുന്നു. ഞാൻ പേരുകൾ പറഞ്ഞത് ഇവിടെ ഭേദഗതി വന്നതിന്റെ അടിസ്ഥാനത്തിലാണ്. ശ്രീ. എം. എം. മോനായിയും ശ്രീ. വി. ഡി. സതീശനും ഭേദഗതികൾ തന്നതുകൊണ്ട് അവരുടെ പേര് മെൻഷൻ ചെയ്തുവെന്നേയുള്ളൂ. കാര്യങ്ങൾ വളരെ സിമ്പിളാണ്. ഇത് പഴയ ആക്ട് അനുസരിച്ച് മൂന്ന് ലക്ഷമേയുള്ളൂ. അതൊരു ഷെഡ്യൂളിന്റെ അടിസ്ഥാനത്തിലായിരുന്നു. നമ്മൾ കൊണ്ടുവന്ന ഓർഡിനൻസ് അനുസരിച്ച് അഞ്ച് ലക്ഷമാക്കി. രണ്ട് ഘട്ടങ്ങളിലായാണ് ഓർഡിനൻസ് നടപ്പാക്കുന്നത്. ഓർഡിനൻസിന്റെ പോരായ്മ അതായിരുന്നു. അതാണ് നമ്മൾ മാറ്റിയതും. 10-6-2008-വരെ ഷെഡ്യൂൾ പ്രകാരവും അതിനുശേഷമുള്ള കാലത്തേക്ക് 14,285 രൂപാവീതം ഓരോ വർഷത്തേക്കും എന്നായിരുന്നു. അത് വീണ്ടും സബ്ജക്ട് കമ്മിറ്റിയിൽ പോയി പാടേ മാറ്റി. അതാണ് നമ്മൾ ഇവിടെ ഇപ്പോൾ പരിഗണിക്കുന്ന റിപ്പോർട്ട്. ഷെഡ്യൂളിൽ അഞ്ച് ലക്ഷം രൂപ എന്നത്

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയായ ഒരോ വർഷത്തിനും 14,285 രൂപ നിരക്കിൽ ആകെ അഞ്ച് ലക്ഷം രൂപ എന്നാക്കി. ആ രൂപത്തിലുള്ള ഒരു മാറ്റം ബേസിക് ആയി വരുത്തിയിട്ടുണ്ട്. അത് എങ്ങനെ ഫലപ്രദമായി നടപ്പിലാക്കാം എന്ന കാര്യത്തെ സംബന്ധിച്ചാണ് ആലോചിക്കുന്നത്. ഞാൻ സമയം ദീർഘിപ്പിക്കുന്നില്ല. മറ്റ് കാര്യങ്ങളിലേക്ക് കടക്കാം.

മി. സ്പീക്കർ : ശ്രീ. എം. എം. മോനായി അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. എം. മോനായി : ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. എം. മോനായി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. വി. ഡി. സതീശൻ : ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിക്കണമെന്ന പ്രമേയത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി)ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

Shri. Joseph M. Puthussery : Sir, I move the following amendment :

106. In section 2(a) of the principal Act proposed to be inserted by clause 2(1) the words `five vakalath' shall be substituted with`three vakalath'

Shri M. Chandran : Sir, I move the following amendment :

107. In Section 2(d) of the principal Act proposed to be substituted by clause 2(iii) (a) for the words "fifteen years", the words "ten years" shall be substituted.

ശ്രീ. എം. വിജയകുമാർ : ഒരു വർഷം അഞ്ച് വക്കാലത്ത് വേണമെന്നാണ്. അത് കുറയ്ക്കണമെന്നാണ് പറയുന്നത്. അത് വ്യക്തിപരമായ രൂപത്തിൽ മാത്രമല്ല ഞങ്ങൾ പല രൂപത്തിൽ ആലോചിച്ചു. അത് പ്രായോഗികമല്ലെന്നാണ് പറയാനുള്ളത്. ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

മി. സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

Shri. Joseph M. Puthusserry : Sir, I move the following amendment :

112. In section 9(2)(gg) proposed to be inserted in the principal Act by clause 4 the words`ATM card' shall be inserted after the words `with photograph'.

Shri. K. C. Joseph : Sir, I move the following amendment :

113. In section 9(2)(gg) proposed to be inserted in the principal Act by clause 4 after the words `with photograph' add the words`and Register Number'.

ശ്രീ. എം. വിജയകുമാർ : ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

Shri. C.T. Ahammed Ali : Sir, I move the following amendment :

(114) In section 11 (hh) proposed to be inserted in the principal Act by clause 5 before the word`issue' insert the following`on request'.

Shri M. Ummer : Sir, I move the following amendment :

(116) In section 11(hh) proposed to be inserted in the principal Act by clause 5 before the word`issue'insert the following`on request'.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ശ്രീ. സി ടി അഹമ്മദ് അലിയുടെയും ശ്രീ. ഉമ്മറിന്റെയും ഭേദഗതികൾ ഒരേ ഭേദഗതികളാണ്. രണ്ടും സ്വീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 115, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 116 എന്നീ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. എം. വിജയകുമാർ : എന്റെ ഫെഡിഷ്യൽ ഭേദഗതി അവതരിപ്പിക്കുന്നു.

141. In sub-section (3) of section 14 of the principal Act, proposed to be inserted by clause 6, for the words "in active practice" the words, "in actual practice" shall be substituted;

LIBRARY ARCHIVES Kerala Legislative Assembly

142. In the proviso to sub-section (4) of section 14 of the principal Act, proposed to be inserted by clause 6, for the words "is actively practicing" the words, "is having actual practice" shall be substituted.

ആറാം വകുപ്പിൽ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ശ്രീ. യു. സി. രാമൻ എന്നിവരുടെ ഭേദഗതികൾ 117, 118 ഒന്നുതന്നെയാണ്. അത് അംഗീകരിക്കാവുന്നതാണ്. അവർ മൂവ് ചെയ്യാത്തതുകൊണ്ട് 117-ാം നമ്പർ ഭേദഗതി ഓറൽ അമെന്റ്മെന്റായി അവതരിപ്പിക്കുന്നു.

(117) In Section 14 (3) proposed to be inserted in the principal Act by clause 6 after the word "Association" insert the following "with proper acknowledgement .

ഓറൽ ഭേദഗതിയും ഒഫീഷ്യൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഓറൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

ശ്രീ. എം. വിജയകുമാർ : 7-ാം വകുപ്പിൽ അങ്ങേയ്ക്ക് കൊടുക്കുന്നതിൽ വന്ന ഘടനാപരമായ മാറ്റങ്ങളാണ്. അതും ആവശ്യമാണ്. കൗൺസിറ്റൽ ലെറ്ററും സ്മാൾ ലെറ്ററും എന്നുള്ള ഭേദഗതിയാണ്. ഒഫീഷ്യൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(143) in sub-section (1a) of section 15 of the principal Act, proposed to be inserted by clause 7 (i), for the sub-section number "1(a)" the number "(1A)" shall be substituted;

(144) In clause 7 (ii),-

(a) for the brackets and figures, "(1a)" and "(1b)", the brackets and figures "(1A)" and "(1B)" shall, respectively the substituted;

LIBRARY ARCHIVES Kerala Legislative Assembly

(b) in sub-section (1B) of section 15 of the principal Act proposed to be inserted, for the words "for the Fund" the words "from the Fund" shall be substituted;

(145) In sub-section (13) of section 15 of the principal Act, proposed to be inserted by clause 7 (vii) after the existing words, the words "unless he is not eligible for or not availed of any kind of retirement benefits for the service under the Central or State government or any Public or Private Sector Undertaking" shall be added.

Shri A. P. Abdullakutty : Sir, I move the following amendment :

121. In section 15 (5) of the principal Act proposed to be substituted by clause 7(iv)

In item (i) the words "three hundred rupees" shall be substituted by "two hundred rupees".

In item (ii) "seven hundred and fifty" by "Five hundred".

In item (iii) "one thousand and five hundred" by "One thousand and two hundred".

In item (iv) "two thousand rupees" by "one thousand five hundred rupees".

In item (v) "two thousand five hundred" by "two thousand rupees".

In item (vi) "three thousand rupees" by "two thousand and five rupees".

Shri M. Chandran : Sir, I move the following amendment :

122. In Section 15(13) proposed to be inserted in the principal Act by clause 7(vii), a proviso shall be inserted, namely "provided that voluntary suspension of membership of a member shall not exceed more than five years. In any case if a member Suspended his membership for more than five years he shall not be permitted to resume his membership in the fund and in such cases he shall be admitted as a new member in the fund"

ശ്രീ. എം. വിജയകുമാർ : ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. എം. വിജയകുമാർ: സർ ഐഡിയൽ ഭേദഗതി അവതരിപ്പിക്കുന്നു:

(146) In clause (i) of sub-section (4) of section 16 of the principal Act, proposed to be inserted by clause 8 (iv) (a),for the words "three years" the words "two years" shall be substituted;

(147) In sub-section (8) section 16 of the principal Act, proposed to be inserted by clause 8 (vi),-

(a) for the word "on" appearing after the words "Bar Council" the word "of" shall be substituted.

(b) In the proviso, for the words "no nominee" the words "no such nominee" shall be substituted.

Shri M. Chandran: Sir, I move the following amendments :

(123) In Section 16(1) of the principal Act proposed to be substituted by clause 8(i) for the words "Fifteen Years" the words "Ten Years" shall be substituted.

(126) In the first proviso to section 16(1) of the principal Act proposed to be substituted by clause 8(i) for the words "Fifteen Years" the words "Ten Years" shall be substituted.

(131) In the second proviso to section 16(1) of the principal Act proposed to be substituted by clause 8(i) for the words "One lakh" the words "three lakhs" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

(135) In section 16(2) of the principal Act proposed to be substituted by clause 8 (ii) for the words "three lakhs" the words "five lakhs" shall be substituted.

(136) In section 16(2) of the principal Act proposed to be substituted by clause 8(ii) the sentence "or at the rates specified in sub section (1) for every completed year of practice with the maximum aggregate of amount of five lakh rupees whichever is higher" shall be deleted.

(138) In section 16(8) proposed to be inserted in the principal Act by clause 8(vi) for the words "six percent", the words "nine and half percent" shall be substituted.

Shri M. Ummer: Sir, I move the following amendment :

(125) In Section 16(1) of the principal Act proposed to be substituted by clause 8(i) insert the following as 1st proviso "Provided that a member who complete 30 years of continuous membership in the fund on the 10th day of June 1988 shall be entitled to get the aggregate amount of five lakh on cessation of practice"

Shri. K. Babu: Sir, I move the following amendment :

(127) In the first proviso to section 16(1) of the principal Act proposed to be substituted by clause 8(i) for the words "Fifteen Years" the words "Ten Years" shall be substituted.

ശ്രീ. എം. വിജയകുമാർ : ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 123, 126, 128, 131, 135, 136, 138 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ : ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

9-ാം വകുപ്പ്

ശ്രീ. എം. വിജയകുമാർ : ഡിസ്കഷൻ സമയത്ത് ഞാൻ തന്നെ പറഞ്ഞിരുന്നു. നിലവിലുള്ള ഒരു മാറ്റം വന്നതിനെ സംബന്ധിച്ച് ശ്രീ എം. എം. മോനായി പറഞ്ഞിരുന്നു. അത് ഒഫീഷ്യൽ ഭേദഗതിയായി കൊണ്ടുവരികയാണ്. അതിൽ വരുത്തുന്ന ഭേദഗതി, Amendment of section 18-In clause (b)-Â for the words-ന് പകരം after the words എന്നും and their dependents", the words "a maximum amount of five thousand rupees" shall be substituted എന്നുള്ളത് inserted എന്നും ആക്കണം. ആ രൂപത്തിലുള്ള ഭേദഗതിയാണ്.

In Section 18 of the principal Act, -

(i) for the words "Bar council" the words "Trustee committee" shall be substituted;

(ii) in clause (b), after the words "and their dependents", the words "a maximum amount of five thousand rupees" shall be inserted.

മി. സ്പീക്കർ : ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

(ഭേദഗതിയില്ല)

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

11-ഉം 12-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

11-ഉം 12-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

11-ഉം 12-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ഉം 12-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. വിജയകുമാർ: ഒന്നാം വകുപ്പിൽ ഞാൻ എന്റെ ഒഫീഷ്യൽ ഭേദഗതി അവതരിപ്പിക്കുന്നു.

(140) for sub-clause (2) of clause 1, the following shall be substituted, namely:-

"(2) Clause (i), (II) and (vii) of section 7, section 8 and clause (i) of section 9 of this Act shall come into force at once and the remaining provisions shall be deemed to have come into force on the 10th day of June 2008".

ശ്രീ. കെ. സി. ജോസഫ്: അതായത് for the sub clause 2 of clause (i), the following shall be substituted, namely:-.Clause 2(i)(a) അതിനുകൂടി പിൻകാല പ്രാബല്യം മതി. അതായത് ഇതിൽ actual practice" എന്നുപറയുന്നുണ്ട്. (a) "actual practice" means carrying on the profession of an Advocate and filing of at least five vakalath per year in case of Advocates other than Senior Advocates, under the Advocates Act, 1961. ഈ വകുപ്പിന് 2008 ജൂൺ 10 വരെയുള്ള പിൻകാല പ്രാബല്യം വേണ്ട. ഈ നിയമം പാസ്സാക്കുന്നതുമുതലുള്ള പ്രാബല്യം മതി.

LIBRARY ARCHIVES Kerala Legislative Assembly

കാരണം ഇത് ഒൻപത് പ്രാവശ്യം ഓർഡിനൻസായി വന്നു. ഈ ഓർഡിനൻസിലുള്ള വ്യവസ്ഥ അറിയാതെ വക്കാലത്ത് കൊടുക്കാത്ത ധാരാളം അഭിഭാഷകരുണ്ട്. റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുത്താൽ ക്ഷേമനിധിയുടെ ആനുകൂല്യം കിട്ടുകയില്ല. ഗവൺമെന്റിന് യാതൊരു ബുദ്ധിമുട്ടുമുള്ള കാര്യമല്ല. ഒൻപത് പ്രാവശ്യം ഓർഡിനൻസ് വന്ന് ഈ വിവരം അറിയാതെ വക്കാലത്ത് കൊടുക്കാത്ത അഭിഭാഷകരെ ദയവായി ഒഴിവാക്കരുത്. അതുകൊണ്ട് Clause 2(i)(a)-ക്ക്, actual practice", അതിനെ പ്രോസ്പെക്ടീവ് ഇഫക്ട് കൊടുത്താൽ മതി.

ശ്രീ. എം. വിജയകുമാർ: എന്റെ ഒഫിഷ്യൽ അമെന്റ്മെന്റിന് അദ്ദേഹം കൊണ്ടുവന്ന അമെന്റ്മെന്റാണ്. അതിനിടെ കിട്ടിയപ്പോൾ തന്നെ ഞാൻ വിശദമായി പരിശോധിച്ചു. actual practice" എന്ന നിർവ്വചനം ഓർഡിനൻസ് മൂലം വന്നതാണ്. ഓർഡിനൻസിന്റെ തീയതി 10-6-2008 ആണ്,. അതുകൊണ്ട് 10-6-2008 മുതൽ പ്രാബല്യം നൽകേണ്ടതുണ്ടെന്നാണ്.

ശ്രീ. കെ. സി. ജോസഫ്: അങ്ങ് പറഞ്ഞ "(2) Clause (i), (II) and (vii) of section 7, section 8 and clause (i) of section 9" അത് ഓർഡിനൻസ് വന്നതല്ലേ ? അത് എന്തുകൊണ്ടാണ് ഇങ്ങനെയാക്കിയത് ?

ശ്രീ. എം. വിജയകുമാർ: അങ്ങനെ ബെനിഫിറ്റ്സ് കിട്ടുന്നവർക്ക് മെമ്പർഷിപ്പ് കൊടുക്കില്ലെന്നുള്ളത് ഇതിൽത്തന്നെയുണ്ട്. അവർക്ക് റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കേണ്ട കാര്യമില്ല. ആ പ്രൊവിഷൻ ഈ നിയമത്തിൽതന്നെ വന്നിട്ടുണ്ട്. ആ പ്രൊവിഷൻ ഞാൻ തർക്കിക്കുകയല്ല, നിയമപരമായിട്ടാണ് പറയുന്നത്.

ശ്രീ. കെ. സി. ജോസഫ്: സബ്ജക്ട് കമ്മിറ്റിയിൽ പോയി വന്ന ബില്ലിൽ പറയുന്നത്, ഈ ആക്ടിന്, It shall be deemed to have come into force on the 10th day of June, 2008 എന്നാണ് പറയുന്നത്. അങ്ങ് ഫ്ളോറിൽ അമെന്റ്മെന്റ് കൊണ്ടുവന്നിട്ട് ഇതിനകത്ത് (2) Clause (i), (II) and (vii) of section 7, section 8 and clause (i) of section 9 ഇത്രയും ക്ലാസിന് shall come into force at once ആക്കി. അങ്ങനെ ആക്കാൻ കഴിയുമെങ്കിൽ ഞാൻ പറഞ്ഞ Clause 2(i)(a)-ക്കും അങ്ങനെയാക്കാൻ സാധിക്കും. അങ്ങ് mind apply ചെയ്ത് ആലോചിക്കണം. "Actual practice" എന്നു പറയുന്ന ഡെഫിനിഷനിൽ പെടുത്തി ഒരു കൊല്ലം അങ്ങ് വക്കാലത്ത് കൊടുക്കാൻ കഴിയാത്ത അഭിഭാഷകർക്ക് ക്ഷേമനിധിയുടെ ആനുകൂല്യം കിട്ടുന്നത് ഒഴിവാക്കരുത്. അതാണ് എന്റെ വാദം.

ശ്രീ. എം. വിജയകുമാർ: ഞാൻ mind apply ചെയ്ത് ആലോചിച്ചു കൊണ്ടാണ് ശ്രീ. കെ. സി. ജോസഫിനോട് പറയുന്നത്. അങ്ങനെ ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതാണ് ഇപ്പോൾ പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്ററുടെ ഒഫിഷ്യൽ അമെന്റ്മെന്റ് സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മിനിസ്റ്ററുടെ ഒഫീഷ്യൽ അഭാവത്തിന് ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മി. സ്പീക്കർ : നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി, അങ്ങേക്ക് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : 2010-ലെ കേരള അതിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2010-ലെ കേരള അതിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു. ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(30-12-2010 വ്യാഴാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിനായി സഭ രാത്രി 7.00 മണിക്ക് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly